11
2024
ജൂൺ
ചൊവ്വ
ഇടവം 28

NAUTICAL TIMES
KERALA

# നോട്ടിക്കൽ ടൈംസ് കേരള

The National Daily in Malayalam / English

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.201 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-201 പേജ് 4. വില 2.00 രൂപ




02 ജാതി അധിക്ഷേപം: സത്യഭാമയ്ക്ക് മുൻകൂർ ജാമ്യമില്ല; കീഴടങ്ങണമെന്ന് ഹൈക്കോടതി

03 കൈവിരലിന് പകരം നാവിൽ ശസ്ത്രക്രിയ: വീഴ്ച പറ്റിയെന്നു സമ്മതിച്ച് ആരോഗ്യമന്ത്രി

04 കള്ളക്കടലും ഉയർന്ന തിരമാലയും; കേരള, തമിഴ്നാട് തീരങ്ങളിൽ ജാഗ്രത

# ട്രോളിംഗ് നിരോധനം നിലവിൽവന്നു

വിഴിഞ്ഞം: സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം നിലവിൽവന്നു. ജൂലൈ 31 വരെ 52 ദിവസത്തേക്കാണ് ട്രോളിംഗ് നിരോധനം. മോട്ടോർ ഘടിപ്പിച്ചിട്ടില്ലാത്ത പരമ്പരാഗത മത്സ്യബന്ധന ബോട്ടുകളെ ട്രോളിംഗ് നിരോധനത്തിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. കിഴക്കൻ തീരത്ത് ഏപ്രിൽ 15ന് ആരംഭിച്ച 61 ദിവസത്തെ നിരോധനം ജൂൺ 14ന് അവസാനിക്കും. എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫിഷറീസ് കൺട്രോൾ റൂമുകൾ മേയ് 15 മുതൽ പ്രവർത്തിച്ചുവരികയാണ്.

നിയമലംഘനത്തിൻറെ പേരിൽ പരമ്പരാഗതക്കാരും കൊല്ലി വള്ളക്കാരും തമ്മിലുള്ള മാനസിക സംഘർഷങ്ങൾക്കിടയാക്കുന്ന ദിവസങ്ങളാണ് വരാനിരിക്കുന്നതെന്നും അധികൃതർ കണക്കുകൂട്ടുന്നു. അനധികൃത മീൻപിടിത്തം തടയാനെത്തിയ വിഴിഞ്ഞത്തെ ഉന്നത ഉദ്യോഗസ്ഥരെ കൊല്ലി വള്ളങ്ങളുമായി മത്സ്യ ത്തൊഴിലാളികൾ തടഞ്ഞുവച്ച കഴിഞ്ഞ വർഷത്തെ അനുഭവം കണക്കിലെടുത്ത് മുൻകരുതലുമായാണ് ഇക്കുറി കടലിൽ ഇറങ്ങുന്നതെന്നും അധികൃതർ പറയുന്നു.

ട്രോളറുകളോ, കൊല്ലി വള്ളങ്ങളോ ഇല്ലാതെ ജില്ലയിൽ ഏറ്റവും കൂടുതൽ പരന്പരാഗതക്കാർ വള്ളമിറക്കുന്ന വിഴിഞ്ഞത്തിൻറെ സുരക്ഷക്കായുള്ള പോലീസ് സംഘം ഇന്നലെ സ്ഥലത്ത് എത്തി. ഫോർട്ട് അസിസ്റ്റൻറ് കമ്മിഷണറുടെ മേൽനോട്ടത്തിൽ വിവിധ ലോക്കൽ സ്റ്റേഷനുകളിലും ക്യാമ്പിൽ നിന്നുമായി നൂറോളം പോലീസുകാരെയാണ് അധികമായി നിയമിച്ചത്.

തുറമുഖ മേഖലയിലെ പത്തോളം പിക്കറ്റ് പോസ്റ്റുകളിലും മറ്റു പ്രധാന കേന്ദ്രങ്ങളിലുമായി ഇന്നലെ തന്നെ ഇവരെ വിന്യസിച്ചു. വിഴിഞ്ഞം സിഐയും തീരദേശ സിഐയും ഇവർക്കു വേണ്ട സജ്ജീകരണങ്ങൾ ഒരുക്കും.

വിഴിഞ്ഞത്തിനുപരി തമിഴ്നാട്ടിൽനിന്നും ജില്ലയുടെ വിവിധ തീരങ്ങളിൽ നിന്നുമായുള്ള ആയിരക്കണക്കിനു വള്ളങ്ങൾ കടലിൽ ഇറങ്ങാൻ തയാറായിക്കഴിഞ്ഞു. ഇനിയുള്ളനാൾ മീൻപിടിത്തക്കാരേയും ലേലക്കാരേയും മീൻ വാങ്ങാനെത്തുന്നവരെയും കൊണ്ട് വിഴിഞ്ഞം തുറമുഖം ശബ്ദമുഖരിതമാകും.

ക്രമസമാധാനം പരിപാലിക്കാൻ 24 മണിക്കൂറും പോലീസ് കാവലുണ്ടാകും. തമിഴ്നാട്ടിൽ നിന്നെത്തിയ വള്ളങ്ങൾ കേരളത്തിൽ മീൻ പിടിക്കുന്നതിനു യൂസർ ഫീ നൽകേണ്ടതുണ്ട്. ഫീസ് അടക്കാത്തവരെ പിടിക്കപ്പെട്ടാൽ എൻജിൻ ശക്തിക്കനുസരിച്ച് 5000 രൂപ മുതലുള്ള പെറ്റി കേസ് ചുമത്താനുനുള്ള അധികാരം ഫിഷറീസ് വകുപ്പിനുണ്ട്.

ഇതൊഴിവാക്കാൻ തമിഴ്നാട്ടിൽ നിന്നെത്തിയവർക്ക് ബോധവത്കരണം നടത്താനും അധികൃതർ പദ്ധതിയിടുന്നു. കടലിലെ സംഘർഷാവസ്ഥയാണ് ഉത്തരവാദിത്വപ്പെട്ടവരെ അലട്ടുന്ന പ്രധാന പ്രശ്നം. ട്രോളിംഗ് നിരോധന കാലത്ത് കടലിൽ ഇറങ്ങുന്ന കൊല്ലി വള്ളങ്ങൾക്ക് തീരത്തുനിന്ന് 12 നോട്ടിക്കൽ മൈൽ അകലെ നിന്ന് നിയമാനുസൃതമായ വലകൾ മാത്രം ഉപയോഗിച്ച് മീൻ പിടിക്കാമെന്നാണ് വ്യവസ്ഥ.

എന്നാൽ നിയമങ്ങൾ എല്ലാം കാറ്റിൽ പറത്തി അധികൃതരുടെ കണ്ണുവെട്ടിച്ച് തീരത്തിനടുത്തു നിന്നുള്ള ഇവരുടെ അരിച്ചുവാരൽ പരമ്പരാഗതക്കാർ തടയാനെത്തുന്നത് ക്രമസമാധാന പ്രശ്നങ്ങൾക്ക് വഴിവയ്ക്കുക പതിവാണ്.

കഴിഞ്ഞ വർഷം കൊല്ലി വള്ളക്കാർ സംഘടിച്ച് അധികൃതരെ കടലിൽ തടഞ്ഞുവയ്ക്കുന്ന സംഭവം വരെയുണ്ടായി. മറൈൻ എൻഫോഴ്സ്മെൻറും ഫിഷറീസ് ഉദ്യോഗസ്ഥരും വരുന്നതുകണ്ട് ഉൾക്കടലിലേക്ക് വലിഞ്ഞ് രക്ഷപ്പെടുന്നവരെ കണ്ടെത്താൻ മറൈൻ ആംബുലൻസിനും വാടക ട്രോളർ ബോട്ടിന്നുമുപരി ഒരു ഹൈ സ്പീഡ് വള്ളം വാടകക്കെടുക്കാനും ഇക്കുറി ഫിഷറീസ് വകുപ്പ് തീരുമാനിച്ചു.

# തിരുഹൃദയ ആരാധന പൂർത്തിയായി



തിരു: പാളയം സെന്റ് ജോസഫ്സ് മെട്രോപോളിറ്റൻ കത്തീഡ്രൽ ദൈവാലയത്തിൽ കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി നടന്നുവന്ന 40 മണിക്കൂർ ദിവ്യകാരുണ്യ ആരാധന ഭക്തിനിർഭരമായ പ്രദക്ഷിണത്തോടും, ദിവ്യകാരുണ്യ ആശിർവാദത്തോടും, പൊന്തിഫിക്കൽ ദിവ്യബലിയോടും കൂടി സമാപിച്ചു. തിരുവനന്തപുരം അതിരൂപത മെത്രാ പ്പൊലീത്ത ഡോ. തോമസ് ജെ. നെറ്റോ ചടങ്ങുകളിൽ മുഖ്യകാർമ്മികനായിരുന്നു . ഇടവകയിലെ 47 കുടുംബയൂണിറ്റുകളിൽ നിന്നും 3000 ത്തോളം ഇടവകജനങ്ങൾ ആരാധനയിൽ പങ്കെടുത്തു. ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പങ്കുചേർന്നുകൊണ്ട് വിശ്വാസികൾ യേശുവിന്റെ തിരുഹൃദയത്തിനു മുമ്പിൽ പ്രണാമങ്ങൾ അർപ്പിച്ചു. പാളയം ഇടവക വികാരി മോൺസിഞ്ഞോർ വിൽഫ്രഡ് ഇ. തിരുഹൃദയ പ്രതിഷ്ഠ നടത്തി. യേശുവിന്റെ സ്നേഹത്തിലും, സാഹോദര്യത്തിലും, പങ്കുവെക്കലിലും വിശ്വാസികൾ വളരണമെന്ന് മുഖ്യകാർമ്മികത്വം വഹിച്ച ആർച്ച് ബിഷപ്പ് തോമസ് ജെ. നെറ്റോ വിശ്വാസികളോട് ആഹ്വാനം ചെയ്തു. പാളയം ഇടവക വികാരി മോൺസിഞ്ഞോർ വിൽഫ്രഡ്, സഹവികാരിമാരായ ഫാദർ സജിത്ത് സോളമൻ, ഗോഡ്.വിൻ തുടങ്ങിയവർ സഹകാർമ്മികത്വം വഹിച്ചു. ഇടവക കൗൺസിൽ, ഫിനാൻസ് കമ്മിറ്റി, അജപാലന കമ്മിറ്റി, ഭക്ത സംഘടനകൾ, ബി.സി.സി. എന്നീ സമിതികളാണ് 40 മണിക്കൂർ ആരാധനയ്ക്ക് നേതൃത്വം നൽകിയത്.

# മോദി 3.0; അമിത് ഷായ്ക്ക് ആഭ്യന്തരം, നിർമലയ്ക്ക് ധനം

ന്യൂഡൽഹി: മൂന്നാം നരേന്ദ്ര മോദി സർക്കാരിലെ മന്ത്രിമാരുടെ വകുപ്പുകൾ പ്രഖ്യാപിച്ചു. രണ്ടാം മോദി സർക്കാരിൽ ആഭ്യന്തര മന്ത്രിയായിരുന്ന അമിത് ഷായ്ക്ക് തന്നെ ഇത്തവണയും ആഭ്യന്തര വകുപ്പ് നൽകി. രാജ്നാഥ് സിംഗ്, നിതിൻ ഗഡ്കരി, നിർമല സീതാരമൻ, എസ്. ജയശങ്കർ എന്നിവരുടെ വകുപ്പുകളിലും മാറ്റമില്ല.



മന്ത്രിമാരും വകുപ്പുകളും ചുവടെ:
അമിത് ഷാ ആഭ്യന്തരം
രാജ്നാഥ് സിംഗ് പ്രതിരോധം
എസ്. ജയശങ്കർ വിദേശം
നിർമല സീതാരമൻ ധനം
നിതിൻ ഗഡ്കരി ഗതാഗതം
ജെ. പി. നഡ്ഡ ആരോഗ്യം
അശ്വിനി വൈഷ്ണവ് റെയിൽവെ
ശിവ്‌രാജ് സിംഗ് ചൗഹാൻ കൃഷി
മനോഹർ ലാൽ ഖട്ടാർ നഗരവികസനം, ഊർജ്ജം
പിയൂഷ് ഗോയൽ വാണിജ്യം
എച്ച്. ഡി. കുമാരസ്വാമി ഉരുക്ക്,ഖന വ്യവസായം
മൻസുഖ് മാണ്ഡവ്യ തൊഴിൽ
സി. ആർ. പാട്ടീൽ ജൽ ശക്തി
റാം മോഹൻ നായിഡു വ്യോമയാനം
കിരൺ റിജിജു പാർലമെൻററി, ന്യൂനപക്ഷ ക്ഷേമം
ഹർദീപ് സിംഗ് പുരി പെട്രോളിയം
ധർമ്മേന്ദ്ര പ്രധാൻ വിദ്യാഭ്യാസം
ജിതൻ റാം മാഞ്ചി എംഎസ്എംഇ
അന്നപൂർണ ദേവി വനിത ശിശു ക്ഷേമം
സർവാനന്ദ സോനോവാൾ ഷിപ്പിംഗ് മന്ത്രാലയം
ഗജേന്ദ്ര സിംഗ് ഷെഖാവത്ത് സാംസ്കാരികം, ടൂറിസം
ഭൂപേന്ദ്ര യാദവ് പരിസ്ഥിതി

# സുരേഷ് ഗോപിക്ക് ടൂറിസം, ജോർജ് കുര്യന് ന്യൂനപക്ഷം

ന്യൂഡൽഹി: മൂന്നാം നരേന്ദ്ര മോദി സർക്കാരിൽ കേരളത്തിൽനിന്നും മന്ത്രിമാരായ സുരേഷ് ഗോപിക്കും ജോർജ് കുര്യനും രണ്ട് വകുപ്പുകളുടെ ചുമതല.

പെട്രോളിയം, ടൂറിസം വകുപ്പ് സഹമന്ത്രി സ്ഥാനമാണ് സുരേഷ് ഗോപിക്ക് ലഭിച്ചത്. നേരത്തേ സുരേഷ് ഗോപിക്ക് സാംസ്കാരിക വകുപ്പ് ലഭിക്കുമെന്ന റിപ്പോർട്ടുകളുണ്ടായിരുന്നു. ഗജേന്ദ്ര സിംഗ് ഷെഖാവത്താണ് സാംസ്കാരിക, ടൂറിസം വകുപ്പ് മന്ത്രി.

ജോർജ് കുര്യനു ന്യൂനപക്ഷ ക്ഷേമം, ഫിഷറീസ് വകുപ്പുകളുടെ സഹമന്ത്രി സ്ഥാനമാണ് ലഭിച്ചത്.




# രാജ്യസഭാ സീറ്റ് കേരള കോൺഗ്രസിന് നൽകി സിപിഎം; ജോസ് സ്ഥാനാർഥിയാകും

തിരുവനന്തപുരം: സംസ്ഥാനത്ത് ഒഴിവുവരുന്ന രാജ്യസഭ സീറ്റിനെ ചൊല്ലി എൽഡിഎഫിൽ സിപിഐയും കേരള കോൺഗ്രസ് എമ്മും നിലപാട് കടുപ്പിച്ചതോടെ വിട്ടുവീഴ്ച ചെയ്ത് സിപിഎം. എൽഡിഎഫിന് ലഭിക്കുന്ന രണ്ട് രാജ്യസഭാ സീറ്റുകൾ സിപിഐക്കും കേരള കോൺഗ്രസ് എമ്മിനും നൽകാൻ ഇടതു മുന്നണി യോഗത്തിൽ തീരുമാനമായി.

എൽഡിഎഫ് കൺവീനർ ഇ.പി. ജയരാജൻ വാർത്താസമ്മേളനത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. കേരളത്തിൽ ഒഴിവു വരുന്ന മൂന്ന് സീറ്റുകളിൽ രണ്ട് സീറ്റുകളിലാണ് ഇടതുമുന്നണിക്ക് സ്ഥാനാർഥികളെ വിജയിപ്പിക്കാനാകുക.

സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും കേരള കോൺഗ്രസ്എം ചെയർമാൻ ജോസ് കെ. മാണിയും സീറ്റിനുവേണ്ടി ഉറച്ചു നിന്നതോടെയാണ് സിപിഎം വിട്ടുവീഴ്ചയ്ക്ക് ഒരുങ്ങിയത്.

അതേസമയം സിപിഐക്കും കേരള കോൺഗ്രസ് എമ്മിനും പുറമേ എൻസിപി, ആർജെഡി കക്ഷികളും രാജ്യസഭാ സീറ്റിന് അവകാശവാദം ഉന്നയിച്ച് രംഗത്തെത്തിയിരുന്നു.സീറ്റ് കിട്ടാത്തതിൽ ആർജെഡി പ്രതിഷേധത്തിലാണ്.

എൽഡിഎഫിന് ലഭിച്ച രണ്ട് രാജ്യസഭാ സീറ്റുകളിൽ ഒന്ന് സിപിഎമ്മിൻറേതായിരുന്നു. രണ്ടാമത്തെ സീറ്റിനായാണ് ഘടകകക്ഷികൾ അവകാശവാദം ഉന്നയിക്കുന്നത്. ഇതോടെയാണ് സിപിഎം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന രാജ്യസഭാ സീറ്റ് വിട്ടുകൊടുത്ത് പ്രശ്നം പരിഹരിച്ചത്.

## പി.പി. സുനീർ സിപിഐ രാജ്യസഭാ സ്ഥാനാർഥി

തിരുവനന്തപുരം: ഇടതുമുന്നണിയിൽ സിപിഐക്ക് അനുവദിക്കപ്പെട്ട രാജ്യസഭാ സീറ്റിൽ പി.പി. സുനീർ സ്ഥാനാർഥി. സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വമാണ് സ്ഥാനാർഥിയെ പ്രഖ്യാപിച്ചത്.

സിപിഐ സംസ്ഥാന അസിസ്റ്റൻറ് സെക്രട്ടറിയാണ്. മലപ്പുറം പൊന്നാനി സ്വദേശിയായ സുനീർ നിലവിൽ ഹൗസിംഗ് ബോർഡ് ചെയർമാനാണ്. 2019 ലോക്സഭ തെരഞ്ഞെടുപ്പിൽ വയനാട് ലോക്സഭാ മണ്ഡലത്തിൽ എൽഡിഎഫ് സ്ഥാനാർഥിയായിരുന്നു.

രാജ്യസഭ സീറ്റിനു വേണ്ടി സിപിഐയും കേരള കോൺഗ്രസ് എമ്മും നിലപാട് കടുപ്പിച്ചതോടെ സിപിഎം തങ്ങൾക്ക് അനുവദിക്കപ്പെട്ടിരുന്ന സീറ്റ് വീട്ടുനൽകുകയായിരുന്നു.

# കാർ തട്ടുകടയിലേക്കു പാഞ്ഞുകയറി ഒരാൾ മരിച്ചു, രണ്ടുപേർക്കു പരിക്ക്

ചാഴൂർ (തൃശൂർ): തെക്കേആലിനു സമീപം നിയന്ത്രണംവിട്ട കാർ തട്ടുകടയിലേക്കു ഇടിച്ചുകയറി ഒരാൾ മരിച്ചു. അപകടത്തിൽ രണ്ടുപേർക്കു പരിക്കേറ്റു. പഴുവിൽ വെസ്റ്റ് കൊറ്റംകുളത്തിനു സമീപം താമസിക്കുന്ന വേളൂക്കര ഗോപി (61)യാണ് മരിച്ചത്. ലോട്ടറി വില്പനക്കാരനായ ചാഴൂർ ചിറയത്ത് അന്തോണി എന്ന സിജോ (40), പഴുവിൽ വെസ്റ്റിൽ വാടകയ്ക്കു താമസിക്കുന്ന കിഴക്കേപ്പുരയ്ക്കൽ ശ്രീധരൻ (59) എന്നിവർക്കാണ് പരിക്കേറ്റത്.

ഇന്നലെ രാവിലെ 6.15 ഓടെയാണ് അപകടം. അമിതവേഗത്തിൽ പോവുകയായിരുന്ന വാഗണർ കാർ തെക്കേആൽ വളവിൽ നിയന്ത്രണംവിട്ട് റോഡരികിലെ തട്ടുകടയിലേക്ക് ഇടിച്ചുകയറുകയായിരുന്നു.

സമീപത്തെ ഹോട്ടലിൽനിന്നു ചായ കുടിച്ച് റോഡരികിൽ പത്രം വായിച്ചുനിന്നിരുന്ന ഗോപിയെ ഇടിച്ചതിനുശേഷമാണ് കാർ തട്ടുകടയിലേക്ക് ഇടിച്ചുകയറിയത്. സമീപത്തു നിന്നിരുന്ന സിജോയും ശ്രീധരനും കാറിടിച്ചു തെറിച്ചുവീണു. തട്ടുകടയുടെ മുൻഭാഗം പൂർണമായും തകർന്നു. റോഡരികിൽ പാർക്ക് ചെയ്തിരുന്ന രണ്ട് ഇരുചക്രവാഹനങ്ങളും തകർന്നു.കാറിൻറെയും തട്ടുകടയുടെയും ഇടയിൽപെട്ട് ഗുരുതരമായി പരിക്കേറ്റ ഗോപിയെയും മറ്റു രണ്ടുപേരെയും പെരിങ്ങോട്ടുകര സർവതോ ഭദ്രം ആംബുലൻസ് പ്രവർത്തകർ തൃശൂർ എലൈറ്റ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ഗോപി മരിച്ചു. വെളുത്തൂർ സ്വദേശി മനു കൃഷ്ണനാഥ് (22) ആണ് കാർ ഓടിച്ചിരുന്നത്. കാസർഗോഡ് പോയി മടക്കയാത്രയിൽ പെരിങ്ങോട്ടുകരയിൽ സുഹൃത്തിനെ ഇറക്കി തിരിച്ചുവരുംവഴിയാണ് അപകടം സംഭവിച്ചത്. കാറിൻറെ മുൻഭാഗം തകർന്നെങ്കിലും മനുവിനു പരിക്കേറ്റില്ല. സംസ്കാരം ഇന്നു നടക്കും. ഭാര്യ: അംബിക. മക്കൾ: നിഖിൽ, നിത്യ. മരുമക്കൾ: ആരതി, പ്രജിൽ.

# തൃശൂരിലെ തമ്മിലടി: വിവാദങ്ങൾക്കിടെ ഡിസിസി പ്രസിഡൻറ് ജോസ് വള്ളൂരും എം.പി. വിൻസെൻറും രാജിവച്ചു

തൃശൂർ: ലോക്സഭാ തെരഞ്ഞെടുപ്പിൽ കെ. മുരളീധരൻറെ തോൽവിയുടെയും തുടർന്ന് ഡിസിസി ഓഫീസുണ്ടായ സംഘർഷങ്ങളുടെയും പശ്ചാത്തലത്തിൽ തൃശൂർ കോൺഗ്രസ് ജില്ലാ പ്രസിഡൻറ് ജോസ് വള്ളൂർ രാജിവച്ചു. ഡിസിസി ഓഫീസിലെത്തിയാണ് അദ്ദേഹം രാജി പ്രഖ്യാപിച്ചത്.

നേതൃത്വത്തിൻറെ രാജി ആവശ്യത്തിനുപിന്നാലെ ഡിസിസി ഓഫീസിലെത്തിയ ജോസ് വള്ളൂരിന് അഭിവാദ്യം അർപ്പിച്ച് നിരവധി പ്രവർത്തകരും എത്തിയിരുന്നു. അതേസമയം, അദ്ദേഹത്തെ എതിർക്കുന്ന ഒരു വിഭാഗം പ്രവർത്തകരും കോൺഗ്രസ് കൗൺസിലർമാരും ഓഫീസിലുണ്ടായിരുന്നു. ഇരുവിഭാഗവും തമ്മിൽ പിന്നീട് ഉന്തുംതള്ളുമുണ്ടായി.

ഡിസിസി ഓഫീസിൽ പ്രവർത്തകരെ അഭിസംബോധന ചെയ്ത് സംസാരിച്ചതിനു ശേഷമാണ് ജോസ് വള്ളൂർ രാജി അറിയിച്ചത്. പിന്നാലെ ജില്ലാ യുഡിഎഫ് ചെയർമാൻ സ്ഥാനത്ത് നിന്ന് രാജിവെച്ചതായി എം.പി. വിൻസെൻറും അറിയിച്ചു.

ഡിസിസി ഓഫീസിലെ സംഘർഷങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുത്ത് രാജി വയ്ക്കുകയാണെന്ന് എം.പി. വിൻസെൻറ് വ്യക്തമാക്കി. ഡിസിസി ഓഫീസിൽ നടക്കാൻ പാടില്ലാത്ത സംഭവങ്ങളാണ് നടന്നതെന്നും അദ്ദേഹം പറഞ്ഞു.

ഡിസിസി ഓഫീസിലെ കൂട്ടത്തല്ല് ഉൾപ്പെടെയുള്ള വിഷയങ്ങൾ കെപിസിസി അധ്യക്ഷനും കേരളത്തിലെ മുതിർന്ന നേതാക്കളും ദേശീയ നേതൃത്വത്തെ അറിയിച്ചിരുന്നു. ഇതിന് പിന്നാലെയാണ് ഇരുവർക്കുമെതിരേ നടപടിയുണ്ടായത്.

# മനുഷ്യാവകാശ മൂട്ട് കോർട്ട്: ഏഷ്യയെ പ്രതിനിധീകരിച്ച് അലൻ തോമസ്

ചിറ്റാരിക്കാൽ(കാസർഗോഡ്): നിയമവിദ്യാർഥികളുടെ പരമോന്നത വേദിയായ ലോക മനുഷ്യാവകാശ മൂട്ട് കോർട്ടിൽ ഏഷ്യയെ പ്രതിനിധീകരിക്കാൻ ചിറ്റാരിക്കാൽ സ്വദേശി അലൻ തോമസ് പല്ലാട്ട്. നാഗ്പുർ നാഷണൽ ലോ അക്കാദമിയിലെ വിദ്യാർഥികളായ അലൻ തോമസും ജാർഖണ്ഡ് സ്വദേശി ആയുഷ് അനന്തുമുൾപ്പെടുന്ന ടീമാണ് ജൂലൈ 15 മുതൽ ജനീവയിൽ നടക്കുന്ന നെൽസൺ മണ്ടേല ലോക മനുഷ്യാവകാശ മൂട്ട് കോർട്ട് മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത നേടിയത്.ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശ സമിതിയും പ്രിട്ടോറിയ യൂണിവേഴ്സിറ്റിയും കോമൺവെൽത്ത് സെക്രട്ടറിയേറ്റും യൂറോപ്യൻ യൂണിയനും ചേർന്നാണ് ലോക മനുഷ്യാവകാശ മൂട്ട് കോർട്ട് മത്സരം സംഘടിപ്പിക്കുന്നത്.

ലോകമെമ്പാടുമുള്ള 300 യൂണിവേഴ്സിറ്റികളിൽനിന്നു വിവിധ പരീക്ഷകളിലൂടെയാണ് 24 ടീമുകളെ തെരഞ്ഞെടുത്തത്. എഷ!്യയിൽനിന്ന് അഞ്ചുടീമുകൾ മാത്രമാണ് മത്സരത്തിൽ പങ്കെടുക്കാൻ തെരഞ്ഞെടുക്കപ്പെട്ടത്. കാഞ്ഞങ്ങാട് ബാറിലെ അഭിഭാഷകനായ സന്തോഷ് പല്ലാട്ടിൻറെയും സുനിമോളുടെയും മകനാണ് അലൻ തോമസ്

# ജാതി അധിക്ഷേപം: നർത്തകി സത്യഭാമയ്ക്ക് മുൻകൂർ ജാമ്യമില്ല; കീഴടങ്ങണമെന്ന് ഹൈക്കോടതി

കൊച്ചി: ന!ർത്തകൻ ആ!ർഎൽവി രാമകൃഷ്ണനെ ജാതീയമായി അധിക്ഷേപിച്ചെന്ന കേസിൽ നർത്തകി സത്യഭാമയുടെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളി. ഒരാഴ്ചയ്ക്കുള്ളിൽ നെടുമങ്ങാട് അഡീഷണൽ സെഷൻസ് കോടതിയിൽ കീഴടങ്ങണമെന്നും കോടതി ഉത്തരവിട്ടു.അന്നേദിവസം തന്നെ കീഴ്ക്കോടതി ജാമ്യാപേക്ഷ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കണമെന്നും സിംഗിൾ ബെഞ്ച് നിർദേശിച്ചു. സത്യഭാമ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷ തീർപ്പാക്കിയാണ് ഹൈക്കോടതിയുടെ നിർദേശം.കലാഭവൻ മണിയുടെ സഹോദരനും മോഹിനിയാട്ടം കലാകാരനുമായ ഡോ. ആർഎൽവി രാമകൃഷ്ണൻ നൽകിയ ജാതി അധിക്ഷേപ പരാതിയിൽ തിരുവനന്തപുരം കൻറോൺമെൻറ് പോലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി. നേരത്തെ കേസ് പരിഗണിച്ച നെടുമങ്ങാട് പട്ടിക ജാതി പട്ടിക വർഗ പ്രത്യേക കോടതി മുൻകൂർ ജാമ്യം തള്ളിയിരുന്നു. ജാമ്യമില്ലാ വകുപ്പാണ് സത്യഭാമയ്ക്കെതിരെ ചുമത്തിയത്.

ഒരു യൂട്യൂബ് ചാനലിന് നൽകിയ അഭിമുഖത്തിലാണ് കലാമണ്ഡലം സത്യഭാമ ഡോ. ആർഎൽവി രാമകൃഷ്ണനെതിരെ ജാതി അധിക്ഷേപം നടത്തിയത്.

# സ്കൂളിലെ അഞ്ച് സെൻറ് സ്ഥലത്ത് അഞ്ചുതരം പച്ചക്കറി കൃഷി ആരംഭിച്ചു

കടുത്തുരുത്തി: ലോക ഭക്ഷ്യ സുരക്ഷാ ദിനത്തോടനുബന്ധിച്ചു കടുത്തുരുത്തി സെൻറ് മൈക്കിൾസ് സ്കൂൾ കടുത്തുരുത്തി കൃഷി വകുപ്പുമായി സഹകരിച്ച് സ്കൂളിലെ അഞ്ച് സെൻറ് സ്ഥലത്ത് അഞ്ചുതരം പച്ചക്കറി കൃഷി ആരംഭിച്ചു.

പരിപാടി കടുത്തുരുത്തി കൃഷി ഓഫീസർ സിദ്ധാർഥ, അധ്യാപിക പിങ്കി ജോയിക്ക് പച്ചക്കറി തൈകൾ കൈമാറി ഉദ്ഘാടനം ചെയ്തു. കൃഷിവകുപ്പ് ഉദ്യോഗസ്ഥരായ സന്തോഷ് കുമാർ, സുമോൾ തോമസ് എന്നിവർ പ്രസംഗിച്ചു.

കൃഷിവകുപ്പിൻറെ നേരിട്ടുള്ള മേൽനോട്ടത്തിൽ വിദ്യാർഥികളാണ് കൃഷി നടത്തുന്നത്. ആവശ്യമായ പച്ചക്കറി തൈകൾ, വളം, കീടനാശിനി, സാങ്കേതിക സഹായം എന്നിവ കൃഷി വകുപ്പിൽനിന്നു ലഭിക്കും.

പയർ, ചീനി, വെണ്ട, തക്കാളി, വഴുതന എന്നിവയുടെ 500 ലധികം തൈകളാണ് കൃഷി ചെയ്തിരിക്കുന്നത്. സ്കൂളിലെ സ്റ്റുഡൻറ് പോലീസ് കേഡറ്റുകളും സ്കൗട്ട് ആൻഡ് ഗൈഡ് അംഗങ്ങളും കൃഷിക്ക് നേതൃത്വം നൽകും

# ബാർ കോഴയിൽ സഭയിൽ വാക്പോര്: പ്രതിപക്ഷം നടുത്തളത്തിൽ

തിരുവനന്തപുരം: ബാർ കോഴയിൽ അന്വേഷണം ആവശ്യപ്പെട്ടുള്ള അടിയന്തര പ്രമേയ നോട്ടീസിൽ സഭയിൽ ഭരണപ്രതിപക്ഷ വാക്പോര്. മദ്യനയത്തിൽ മാറ്റം വരുത്താൻ പണം പിരിച്ചു എന്ന ആരോപണത്തിൽ അഴിമതി നിരോധന നിയമപ്രകാരം കേസെടുക്കണമെന്ന് പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. വിഷയത്തിൽ മുഖ്യമന്ത്രി തന്നെ മറുപടി പറയണമെന്നും സതീശൻ ആവശ്യപ്പെട്ടു.

ഇല്ലാത്ത കാര്യം കെട്ടിച്ചമച്ച് എന്തോ സംഭവിക്കുന്നു എന്ന പ്രതീതി ഉണ്ടാക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ശബ്ദസന്ദേശം സംബന്ധിച്ച വാർത്ത വന്നപ്പോൾ തന്നെ എക്സൈസ് മന്ത്രി പരാതി നൽകിയെന്നും ഇതിൽ അന്വേഷണം പൂർത്തിയാകട്ടെയെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇതോടെ മുഖ്യമന്ത്രിയുടെ മറുപടി തൃപ്തികരമല്ലെന്ന് പറഞ്ഞ പ്രതിപക്ഷം നടുത്തളലിറങ്ങി പ്രതിഷേധിച്ചു. പ്ലക്കാർഡുകളും ബാനറുകളും ഉയർത്തി സ്പീക്കറുടെ ഇരിപ്പിടം മറയ്ക്കുന്ന രീതിയിൽ പ്രതിഷേധം തുടരുകയാണ്.

# ഇതൊക്കെ ശ്രദ്ധിക്കണ്ടേ അമ്പാനേ”; ബാർ കോഴയിൽ എക്സൈസ് മന്ത്രിയോട് റോജി

തിരുവനന്തപുരം: എൽഡിഎഫ് സർക്കാരിനെതിരായ ബാർ കോഴ ആരോപണം നിയമസഭയിൽ ഉന്നയിച്ച് പ്രതിപക്ഷം. മദ്യനയത്തിലെ നിലവിലെ ക്രൈംബ്രാഞ്ച് അന്വേഷണം പ്രഹസനമാണെന്ന് അടിയന്തരപ്രമേയ നോട്ടീസ് നൽകിയ റോജി എം.ജോൺ പറഞ്ഞു.

പരാതിയിൽ അന്വേഷിക്കുന്നത് ശബ്ദസന്ദേശം എങ്ങനെ പുറത്തുവന്നു എന്നാണ്. എല്ലാ തെളിവുകളും ഉണ്ടായിട്ടും എന്തുകൊണ്ട് അഴിമതി നിരോധന നിയമ പ്രകാരം കേസ് എടുക്കുന്നില്ല.പണം പിരിക്കുന്നത് പ്രതിപക്ഷത്തിന് വേണ്ടിയല്ല, ആർക്കുവേണ്ടിയാണെന്ന് മനസിലാവാത്തത് എക്സൈസ് വകുപ്പ് മന്ത്രിക്ക് മാത്രമാണെന്നും റോജി വിമർശിച്ചു.

ടൂറിസം വകുപ്പ് എന്തിനാണ് എക്സൈസിൻറെ കാര്യത്തിൽ ഇടപെടുന്നത്. എക്സൈസ് വകുപ്പ് കൈകാര്യം ചെയ്യുന്നത് മുഹമ്മദ് റിയാസ് ആണോയെന്നും അദ്ദേഹം ചോദിച്ചു.

ജനിക്കാത്ത കുഞ്ഞിൻറെ ജാതകം കുറിക്കുകയാണെന്നാണ് എക്സൈസ് മന്ത്രി പറഞ്ഞത്. എന്നാൽ കുഞ്ഞ് ജനിച്ചെന്നും അതിൻറെ അച്ഛനാരാണെന്ന് മാത്രം അന്വേഷിച്ചാൽ മതിയെന്നും റോജി പരിഹസിച്ചു. ഇതൊക്കെ ശ്രദ്ധിക്കണ്ടേ അമ്പാനേയെന്നും മന്ത്രിയോട് റോജി ചോദിച്ചു.

യുഡിഎഫ് കാലത്ത് നിയമസഭ തല്ലിപ്പൊളിച്ചത് ബാർ കോഴ ഉയർത്തിയാണ്. ഇപ്പോൾ ബാർ കോഴയിലൂടെ മദ്യനയം അട്ടിമറിച്ചിട്ടും അന്വേഷണം ഇല്ല. മാണിക്ക് എതിരായ വിഎസിൻറെ വാക്കുകൾ ആവർത്തിച്ച റോജി കെടാത്ത തീയും ചാകാത്ത പുഴുവുമുള്ള നരകത്തിൽ മുഖ്യമന്ത്രിയും മന്ത്രിമാരും വീണുപോകരുതെന്നും പറഞ്ഞു.

# വടയാർ ജംഗ്ഷൻ ചക്കാല റോഡ് തകർന്ന് യാത്ര ദുരിതമായി

വടയാർ: മഴ ശക്തമായതോടെ വടയാർ ഇളംകാവ് ജംഗ്ഷൻ ചക്കാല കള്ളാട്ടിപ്പുറം റോഡ് താറുമാറായി. വടയാർ ഉണ്ണിമിശിഹാ പള്ളി, ഭൂതങ്കേരിൽ ധർമശാസ്താ ക്ഷേത്രം തുടങ്ങിയ ആരാധനാലങ്ങളിലേക്കും ഇൻഫൻറ് ജീസസ് ഹൈസ്കൂൾ, സെൻറ് ലൂയീസ് എൽപി സ്കൂൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും യാത്ര ചെയ്യുന്ന വിദ്യാർഥികളും പ്രദേശവാസികളും ഉൾപ്പെടെ ഒട്ടനവധി യാത്രക്കാരാണ് ദുരിതത്തിലായിരിക്കുന്നത്.

കൂടാതെ കോട്ടയത്തേക്ക് യാത്ര ചെയ്യാനുള്ള എളുപ്പമാർഗം എന്ന നിലയിൽ നൂറുകണക്കിന് വാഹനങ്ങളും ഈ റോഡിലൂടെ കടന്നുപോകുന്നുണ്ട്. മുഖ്യമന്ത്രിയുടെ നൂറുദിന കർമ പദ്ധതിയിൽ ഉൾപ്പെടുത്തി വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച വടയാർ ജംഗ്ഷൻ കള്ളാട്ടിപ്പുറം എഴുമാന്തുരുത്ത് മുട്ടുചിറ റോഡിൻറെ നിർമാണം മന്ദഗതിയിലാണ്.

കനത്ത വെള്ളക്കെട്ടിൽ റോഡിലെ കുഴിയിൽ നിരവധി ഇരുചക്ര വാഹന യാത്രികർ അപകടത്തിൽപ്പെട്ടിട്ടുണ്ട്. റോഡിലെ കുഴികളടച്ച് വെള്ളക്കെട്ട് ഒഴിവാക്കുവാൻ വേണ്ട നടപടികൾ ബന്ധപ്പെട്ട അധികൃതർ സ്വീകരിക്കുന്നമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

# മുൻഭാര്യയെ കത്തിക്ക് കുത്തിവീഴ്ത്തി

ചങ്ങനാശേരി: ഇതരസംസ്ഥാന തൊഴിലാളിയായ യുവാവ് മുൻഭാര്യയെ കുത്തിവീഴ്ത്തി. ഇന്നലെ ഉച്ചയ്ക്ക് രണ്ടിന് ചങ്ങനാശേരി നഗരത്തിലെ ഒന്നാംനമ്പർ ബസ് സ്റ്റാൻഡിലാണ് അക്രമം അരങ്ങേറിയത്. മുൻ ഭർത്താവ് അസം ദേമാജി സ്വദേശി മധുജ ബറുവ (25) യാണ് ആക്രമണം നടത്തിയത്. അസം ദേമാജി സ്വദേശിനി മോസിനി ഗോഗോയ്ക്കാണ് (22) കുത്തേറ്റത്. ഗുരുതരമായി പരുക്കേറ്റ ഇവരെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്.

പ്രതിയെ നാട്ടുകാർ ചേർന്ന് കീഴ്പ്പെടുത്തി ചങ്ങനാശേരി പോലീസിനു കൈമാറി. എറണാകുളത്ത് സ്വകാര്യ ബോട്ടിലെ ജീവനക്കാരനാണ് മധുജ ബറുവ. ഇയാളുടെ മുൻഭാര്യയായ മോസിനി ഗോഗോയ് ഇയാളെ ഉപേക്ഷിച്ച് ഫാത്തിമാപുരത്ത് മറ്റൊരു ഇതരസംസ്ഥാന യുവാവിനോടൊപ്പമാണ് താമസം.

ഇന്നലെ നഗരത്തിലെത്തി സാധനങ്ങൾ വാങ്ങിയതിനു ശേഷം താമസ്ഥലത്തേക്ക് പോകാനായി സ്റ്റാൻഡിലെത്തിയപ്പോൾ മധുജ ഇവരെ പിന്തുടർന്നെത്തുകയും ബസ് സ്റ്റാൻഡിനുള്ളിൽ തർക്കം ഉണ്ടാക്കുകയുമായിരുന്നു.

കൈയിൽ കരുതിയ കത്തി ഉപയോഗിച്ച് പ്രതി ഗോഗോയെ തുടരെ കുത്തുകയായിരുന്നുവെന്ന് ദൃക്സാക്ഷികളും പോലീസ് പറയുന്നു. സ്റ്റാൻഡിലുണ്ടായിരുന്നയാൾ പ്രതിക്ക് നേരേ കല്ലെറിഞ്ഞപ്പോൾ ഇയാൾ മുനിസപ്പിൽ ആർക്കേഡ് പരിസരത്തേക്ക് ഓടി രക്ഷപ്പെട്ടു. ആളുകൾ പിന്തുടർന്ന് ഇയാളെ കീഴ്പ്പെടുത്തി. പ്രതിയുടെ കൈയ്ക്ക് പരിക്കേറ്റതിനാൽ ഇയാളെയും കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# ജനിക്കാത്ത കുഞ്ഞിൻറെ ജാതകം കുറിക്കുന്നു, മദ്യനയത്തിൽ പ്രാരംഭ ചർച്ച പോലും നടത്തിയിട്ടില്ല: മന്ത്രി രാജേഷ്

തിരുവനന്തപുരം: മദ്യനയത്തിൽ സർക്കാർ പ്രാരംഭ ചർച്ച പോലും നടത്തിയിട്ടില്ലെന്ന് എക്സൈസ് മന്ത്രി എം.ബി.രാജേഷ്. ജനിക്കാത്ത കുഞ്ഞിൻറെ പേരിലാണ് ജാതകം കുറിക്കുന്നതെന്ന് മന്ത്രി നിയമസഭയിൽ പറഞ്ഞു.

എൽഡിഎഫ് സർക്കാരിനെതിരായ ബാർ കോഴ ആരോപണത്തിൽ സഭ നിർത്തിവച്ച് ചർച്ച ആവശ്യപ്പെട്ട് പ്രതിപക്ഷം നൽകിയ അടിയന്തരപ്രമേയ നോട്ടീസിന് മറുപടി പറയുകയായിരുന്നു മന്ത്രി. ഇല്ലാത്ത മദ്യനയത്തിൻറെ പേരിലാണ് പ്രതിപക്ഷത്തിൻറെ അടിയന്തര പ്രമേയ നോട്ടീസ്. ചീഫ് സെക്രട്ടറി വിളിച്ച യോഗം മദ്യനയവുമായി ബന്ധപ്പെട്ട യോഗമല്ലെന്ന് മന്ത്രി അവകാശപ്പെട്ടു.സംസ്ഥാനത്തിൻറെ വിഭവസമാഹരണവും ഭരണകാര്യക്ഷമതയും വർധിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആലോചിക്കാൻ ചേർന്ന യോഗമാണ് അത്. ടൂറിസം ഡയറക്ടർ സംഘടിപ്പിച്ച യോഗം പതിവ് യോഗത്തിൻറെ ഭാഗമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

എക്സൈസ് മന്ത്രിയാണ് മദ്യനയവുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് ആരംഭം കുറിക്കേണ്ടത്. ജൂൺ 12, 13 ദിവസങ്ങളിലാണ് മദ്യനയത്തിലെ പ്രാഥമിക ചർച്ച പോലും നടക്കുക. മദ്യനയത്തിൻറെ പേരിൽ വാട്സാപ്പ് വഴി അയച്ച വോയിസ് ക്ലിപ്പ് ശ്രദ്ധയിൽപെട്ടു. ഇക്കാര്യത്തിൽ അന്വേഷണം നടക്കുകയാണെന്നും മന്ത്രി പറഞ്ഞു.

# പട്ടികജാതി വികസന വകുപ്പിന്റെ ഐടിഐകളിൽ പ്രവേശനം

പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ 44 ഐ.ടി.ഐകളിലെ വിവിധ മെട്രിക്/നോൺ മെട്രിക് ട്രേഡുകളിലേക്ക് 2024 25 ബാച്ചിലെ പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. www.scdd.kerala.gov.in എന്ന വെബ് സൈറ്റിലുള്ള SCDD I.T.I ADMISSION 2024 എന്ന ലിങ്കിലുടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. എസ്.സി വിഭാഗത്തിൽപ്പെട്ടവർക്ക് 80 ശതമാനം, എസ്.ടി വിഭാഗത്തിന് 10 ശതമാനം, മറ്റു വിഭാഗത്തിന് 10 ശതമാനം എന്നിങ്ങനെയാണ് സീറ്റുകൾ നിലവിലുള്ളത്. ജൂലൈ 25 നകം അപേക്ഷകൾ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, കവടിയാർ പി ഒ, തിരുവനന്തപുരം, ഫോൺ നം 0471 2316680 ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസ് സിവിൽ സ്റ്റേഷൻ, കോഴിക്കോട് ഫോൺ നം. 0495 2371451 ജില്ലാ/ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകൾ എന്നിവയിൽ നിന്നും വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ലഭിക്കും.

# വായനദിനാചരണം; സാഹിത്യക്വിസ് മത്സരവും സെമിനാറും

വായന പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജൂൺ 19ന് നടക്കുന്ന വായനദിനാചരണത്തോടനുബന്ധിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കോളേജ് വിദ്യാർഥികൾക്കായി ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് സെമിനാറും സാഹിത്യക്വിസ് മത്സരവും സംഘടിപ്പിക്കുന്നു. 'വൈജ്ഞാനിക സാഹിത്യം വർത്തമാനകാലത്തിൽ' എന്ന വിഷയത്തിലാണ് സെമിനാർ. ബിരുദ ബിരുദാനന്തര വിദ്യാർഥികൾക്ക് പങ്കെടുക്കാം. സാഹിത്യ ക്വിസ് മത്സരത്തിൽ ഒരു കോളേജിനെ പ്രതിനിധീകരിച്ച് രണ്ടു പേർക്ക് പങ്കെടുക്കാം. 5000 രൂപയും പ്രശസ്തിപത്രവുമാണ് ഒന്നാം സമ്മാനം.

3000, 2000 എന്നിങ്ങനെയാണ് രണ്ടും മൂന്നും സ്ഥാനക്കാർക്കുള്ള സമ്മാനത്തുക. മികച്ച പ്രകടനം കാഴ്ചവെക്കുന്നവർക്ക് പ്രോത്സാഹനസമ്മാനവുമുണ്ട്. സെമിനാറിൽ പങ്കെടുക്കുന്ന വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റ് നൽകും. ജൂൺ 17 വരെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ www.keralabhashainstitute.org എന്ന വെബ്സൈറ്റിലോ 9497454209 എന്ന നമ്പറിലോ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യാം.

# തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സിന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ തിരുവനന്തപുരം സെന്ററിൽ ജൂൺ അവസാനവാരം ആരംഭിക്കുന്ന കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിങ് ആൻഡ് ജിഎസ്ടി യൂസിങ് ടാലി കോഴ്സിന് പ്ലസ്ടു കൊമേഴ്സ് അല്ലെങ്കിൽ ബി.കോം പാസായവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ജൂൺ 22 വരെ www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 0471 2560333, 9995005055 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

# എം.എസ്.എം.ഇകൾക്ക് ത്രിദിന വർക്ക്ഷോപ്പ്

എം.എസ്.എം.ഇ മേഖലയിലെ കയറ്റുമതി ഇറക്കുമതി നടപടിക്രമങ്ങളെ കുറിച്ച് അറിവ് നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (KIED) മൂന്നു ദിവസത്തെ വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. ജൂൺ 19 മുതൽ 21 വരെ കളമശേരിയിലുള്ള K-I-E-Dന്റെ ക്യാമ്പസിൽ വെച്ചാണ് പരിശീലനം. എം എസ് എം ഇ മേഖലയിലെ സംരംഭകർ / സംരംഭകർ ആകുവാൻ ആഗ്രഹിക്കുന്നവർ എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. 2,950 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സെർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി എസ് ടി ഉൾപ്പെടെ) താമസം, ആവശ്യമില്ലാത്തവർക്ക് 1,200 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. പട്ടികജാതിപട്ടികവർഗ വിഭാഗത്തിൽപെട്ടവർക്ക് 1,800 രൂപ താമസം ഉൾപ്പെടെയും, 800 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/raining-calender ൽ ജൂൺ 16ന് മുൻപ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് : 0484 2532890 / 0484 2550322 / 9188922785.

# കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം

കുറഞ്ഞ കാലയളവിൽ അനായാസം ഇംഗ്ലീഷിൽ ആശയ വിനിമയം നടത്താൻ ആത്മവിശ്വാസമേകുന്ന 'ഈാൗിശരമശേല ഋിഴഹശവെ ഈൗൃലെ' ലേക്ക് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ഫിനിഷിങ് സ്കൂളായ റീച്ച് അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ പരിശീലന ക്ലാസുകളും തിരുവനന്തപുരം കേന്ദ്രത്തിൽ ഓഫ്ലൈൻ പരിശീലന സൗകര്യവും ലഭ്യമാണ്. പ്ലസ്ടു, ഡിഗ്രി പാസായവർക്ക് അപേക്ഷിക്കാം. അപേക്ഷിക്കേണ്ട അവസാന തീയതി ജൂൺ 19. വിശദ വിവരങ്ങൾക്ക്: 9496015002, www.reach.org.in.

# കൈവിരലിന് പകരം നാവിൽ ശസ്ത്രക്രിയ: വീഴ്ച പറ്റിയെന്നു സമ്മതിച്ച് ആരോഗ്യമന്ത്രി

തിരുവനന്തപുരം: കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ കൈവിരലിന് പകരം നാവിൽ ശസ്ത്രക്രിയ ചെയ്ത സംഭവത്തിൽ വീഴ്ച പറ്റിയെന്ന് സമ്മതിച്ച് ആരോഗ്യമന്ത്രി വീണാ ജോർജ്.കുട്ടിയുടെ കൈയിലെ ആറാം വിരൽ മാറ്റുന്നതിന് പകരമായി നാവിന് സർജറിയാണ് നടത്തിയത്. അത് തെറ്റാണ്. ഇത്തരം പിഴവുകൾ തെറ്റായി കണ്ട് കർശന നടപടി സ്വീകരിക്കും. തെറ്റ് തെറ്റായി തന്നെ കണ്ടുകൊണ്ട് സൂര്യൻ അസ്തമിക്കുന്നതിന് മുമ്പ് ഡോക്ടർക്കെതിരെ നടപടി സ്വീകരിച്ചെന്നും ആരോഗ്യ മന്ത്രി നിയമസഭയിൽ പറഞ്ഞു.സർക്കാർ ആശുപത്രികളിൽ ഇത്തരം പിഴവുകൾ സ്ഥിരമായി സംഭവിക്കുന്നെന്ന് വരുത്തിത്തീർക്കാനുള്ള വ്യാപകശ്രമങ്ങൾ നടക്കുകയാണ്. യുഡിഎഫ് സർക്കാരിൻറെ കാലഘട്ടത്തെ അപേക്ഷിച്ച് ചികിത്സാ പിഴവുകൾ കുറഞ്ഞിട്ടുണ്ടെന്നും മികച്ച സേവനം നൽകുന്ന ഡോക്ടർമാർക്ക് ആത്മവിശ്വാസം പകരുകയാണ് വേണ്ടതെന്നും ആരോഗ്യമന്ത്രി കൂട്ടിച്ചേർത്തു.ഇത്തരം ചികിത്സാപ്പിഴവ് സർക്കാർ ആശുപത്രികളിൽ മാത്രമല്ല സ്വകാര്യ ആശുപത്രികളിലും എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. അത് പാടില്ല എന്നതാണ് ആരോഗ്യവകുപ്പിൻറെ നിലപാട്. ഇത്തരം പിഴവുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. അത് സർക്കാർ എടുത്ത നടപടികൾ മൂലമാണെന്നും വീണാ ജോർജ് പറഞ്ഞു.

# അവയവദാനം: ജില്ലാതല ഓതറൈസേഷൻ കമ്മിറ്റി ശിൽപശാല ജൂൺ 11ന്

ബന്ധുവേതര അവയവദാനം നടത്തുന്നതിന് ജില്ലാതലത്തിൽ രൂപീകരിച്ച ഓതറൈസേഷൻ കമ്മിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ജൂൺ 11ന് കേരള സ്റ്റേറ്റ് ഓർഗൺ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെസോട്ടോ) ഏകദിന ശിൽപശാല സംഘടിപ്പിക്കുന്നു. തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിലെ നോളജ് സെന്റർ കോൺഫറൻസ് ഹാളിൽ വൈകിട്ട് നാല് വരെ സംഘടിപ്പിക്കുന്ന ശിൽപശാല രാവിലെ 10ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു ഉദ്ഘാടനം ചെയ്യും. വിവിധ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസെടുക്കും. ജില്ലാതല ഓതറൈസേഷൻ കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമാക്കാനും, അവയവദാനവുമായി ബന്ധപ്പെട്ട നിയമപരവും, മാനശാസ്ത്രസാമൂഹിക തലങ്ങൾ ചർച്ച ചെയ്യാനുമാണ് ശിൽപശാല സംഘടിപ്പിക്കുന്നത്.

'ജില്ലാതല ഓതറൈസേഷൻ കമ്മിറ്റിയുടെ (ഡിഎൽഎസി) അവലോകനം ലക്ഷ്യം, റോൾ, ഉത്തരവാദിത്തങ്ങൾ' എന്ന വിഷയത്തിൽ തൃശൂർ മെഡിക്കൽ കോളേജ് ഫോറൻസിക് ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. എ.കെ ഉന്മേഷ്, 'ഇന്ത്യയിൽ അവയവദാനവും മാറ്റിവയ്ക്കലും: സംസ്ഥാന ഓതറൈസേഷൻ കമ്മിറ്റിയുടെ നിയമ ചട്ടക്കൂടും ഉത്തരവാദിത്തങ്ങളും' എന്ന വിഷയത്തിൽ ഡോ. വീണ റോഷൻ ജോസ് (അസി. പ്രൊഫസർ നിയമം, മഹാരാഷ്ട്ര നാഗ്പൂർ നാഷണൽ ലോ യൂണിവേഴ്സിറ്റി), 'ഇന്ത്യയിൽ അവയവദാനവും മാറ്റിവയ്ക്കലും: ഓതറൈസേഷൻ കമ്മിറ്റിയുടെ സമ്മത പ്രക്രിയ വിലയിരുത്തലിനുള്ള തന്ത്രങ്ങൾ' എന്ന വിഷയത്തിൽ ഡോ. ശിവേന്ദ്രർ രാഹുൽ , 'ഡിഎൽഎസിയുടെ നടപടി ക്രമങ്ങളും നിയമപരമായ ആശയവിനിമയവും' എന്ന വിഷയത്തിൽ ബിനോയ് മാത്യു (ഡെപ്യൂട്ടി സെക്രട്ടറി ആൻഡ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കെസോട്ടോ), 'സൈക്കോ സോഷ്യൽ മൂല്യനിർണയ പ്രക്രിയ: ദാതാവിന്റെയും സ്വീകർത്താവിന്റെയും മാനസികവും വൈകാരികമായ സന്നദ്ധത വിലയിരുത്തൽ' എന്ന വിഷയത്തിൽ കൊല്ലം ഗവ.മെഡിക്കൽ കോളേജ് സെക്യാട്രിക് മേധാവിയും അസോസിയേറ്റ് പ്രൊഫസറുമായ ഡോ.ജി.മോഹൻ റോയ് തുടങ്ങിയവർ ക്ലാസെടുക്കും.




# ഹരിതമിത്രം ഇനോക്കുലം വിപണിയിലിറക്കി

കണ്ണൂർ: ടെക്നീഷ്യൻസ് ആന്റ് ഫാർമേഴ്സ് കോ. ഓഡിനേഷൻ സൊസൈറ്റി (ടാഫ് കോസ്) നിർമ്മിച്ച ചകിരിച്ചോർ ഇനോക്കുലം വിപണിയിലെത്തി 10 0624 ന് അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.പി. ദിവ്യയാണ് ഉല്പന്നം വിപണിയിലിറക്കിയത് അഞ്ചരക്കണ്ടി പഞ്ചായത്ത് പ്രസിഡണ്ട് കെ പി ലോഹിതാക്ഷൻ അധ്യക്ഷത വഹിച്ചു. കെ. രാജൻ മാസ്റ്റർ ഉൽപ്പന്നം പരിചയപ്പെടുത്തി ടാഫ്കോസ് സെക്രട്ടറി വി.വി ബാലകൃഷ്ണൻ സ്വാഗതം പറഞ്ഞു. അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത് വൈസ്പ്രസിഡന്റ് ടി പ്രസന്ന ,വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.സജേഷ്, ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ.സി കെ അനിൽ കുമാർ,

ക്ഷേമ കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഇ കെ സരിത, ഹരിത കേരളം മിഷൻ ജില്ലാ കോ ഓഡിനേറ്റർ ഇ കെ സോമശേഖരൻ, ഗ്രാമ പഞ്ചായത്ത് സെക്രട്ടരി പി. ബാബുരാജ് , കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺ എൻ ഉഷ എന്നിവർ പരിപാടിയിൽ സംസാരിച്ചു. ഹരിതകർമസേന കൺസോർഷ്യം സെക്രട്ടറി ഉമ, കൺസോർഷ്യം പ്രസിഡണ്ട് നിഷ എന്നിവർ ചേർന്ന് ഉല്പന്നം , പുറത്തിറക്കി.ടാഫ് കോസ് എക്സി അംഗം എം സുജ്ന നന്ദി പറഞ്ഞു.

# കേരള സംഗീത നാടക അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു പാറശാല രവിക്കും ടി എം അബ്രഹാമിനും കലാവിജയനും ഫെലോഷിപ്പ്

തൃശൂർ: വിവിധ കലാമേഖലകളിൽ സംഭാവനകൾ നൽകിയ കലാപ്രതിഭകൾക്കുള്ള 2023ലെ കേരള സംഗീത നാടക അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മൂന്ന് കലാപ്രതിഭകളെ ഫെലോഷിപ്പിനും 17 കലാപ്രതിഭകളെ അവാർഡിനും 22 കലാപ്രതിഭകളെ ഗുരുപൂജാ പുരസ്കാരത്തിനും തിരഞ്ഞെടുത്തു. മൃദംഗത്തിലെ അതുല്യ പ്രതിഭ പാറശാല രവിയും നാടകകൃത്ത് ടി എം അബ്രഹാമും നൃത്തഗുരു കലാവിജയനും ഫെലോഷിപ്പിന് അർഹരായി.

കേരള സംഗീത നാടക അക്കാദമിയുടെ 2023ലെ അവാർഡിന് 17 കലാപ്രതിഭകൾ അർഹരായി. ശരത്ത് ശാസ്ത്രീയസംഗീതം (വായ്പ്പാട്ട്), എൻ സമ്പത്ത് വയലിൻ, തിരുവല്ല രാധാകൃഷ്ണൻ ചെണ്ട, പാഞ്ഞാൾ വേലുക്കുട്ടി ഇലത്താളം, പന്തളം ബാലൻ ലളിതസംഗീതം (ആലാപനം), നിസ അസീസീ ഗായിക, സംഗീത സംവിധായിക, ശശി വി നീലേശ്വരം നാടകം (നടൻ, സംവിധായകൻ), ബാബു ആലുവ നാടകം (നടൻ, സംവിധായകൻ), പയ്യന്നൂർ മുരളി നാടകം (നടൻ, സംവിധായകൻ), രത്നാകരൻ കോഴിക്കോട് നാടകം(സംവിധാനം), കോട്ടയം രമേശ് നടൻ, തൃശൂർ കൃഷ്ണകുമാർ ഇടയ്ക്ക, കരിവെള്ളൂർ രത്നകുമാർ ഓട്ടൻതുള്ളൽ, കലാമണ്ഡലം കൃഷ്ണകുമാർ കഥകളി വേഷം, സിതാര ബാലകൃഷ്ണൻ മോഹിനിയാട്ടം, ഡോ. സുമിതാനായർ നൃത്തം, ഭരതനാട്യം, കൈതാരം വിനോദ്കുമാർ കഥാപ്രസംഗം എന്നിവർക്കാണ് പുരസ്കാരങ്ങൾ.

22 മുതിർന്ന കലാപ്രതിഭകൾ കേരള സംഗീത നാടക അക്കാദമി ഗുരുപൂജാ പുരസ്കാരത്തിന് അർഹരായി. പ്രൊഫ. തൃക്കാരിയൂർ രാജലക്ഷ്മി ശാസ്ത്രീയസംഗീതം (വായ്പ്പാട്ട്), ഓച്ചിറ ഭാസ്ക്കരൻ തവിൽ, പരത്തുള്ളി രവീന്ദ്രൻ ഗാനരചന, കണ്ണൂർ ബാലകൃഷ്ണൻ നൃത്തം, മരുത്തോർവട്ടം ബാബു നാഗസ്വരം, കൊല്ലം സിറാജ് മിമിക്രി, സൈഫുദ്ദീൻ എം എം ഗിറ്റാർ, കോട്ടയ്ക്കൽ ശശിധരൻ നൃത്തം/ കഥകളി, കേശവൻ കുണ്ടലായർ കഥകളിവേഷം, പ്രതാപ്സിങ് സംഗീതസംവിധായകൻ, എൻ ശ്രീകാന്ത് ഗായകൻ, ഞെക്കാട് ശശി കഥാപ്രസംഗം, അഭയൻ കലവൂർ നാടകം (നടൻ, നാടകകൃത്ത്, സംവിധായകൻ), പയ്യന്നൂർ ഉണ്ണികൃഷ്ണൻ നാടകം (നടൻ), ഭരതന്നൂർ ശാന്ത നാടകം (നടി), പൗർണമി ശങ്കർ നാടകം (നടൻ, സംവിധായകൻ), അമ്മിണി വി ചന്ദ്രാലയം നാടകം ( നടി), പറവൂർ അംബുജാക്ഷൻ നാടകം (നടൻ), യവനിക ഗോപാലകൃഷ്ണൻ നാടകം (നടൻ), അഞ്ചൽ ശിവാനന്ദൻ കേരളനടനം, ഹംസ വളാഞ്ചേരി ഹാർമോണിയം, സായ്ബാൻ ജോ, ഓർഗൻ, വക്കം ബോബൻ നൃത്തനാടകം.

# ഡ്രൈ ഡേ പിൻവലിക്കുന്നതിനെക്കുറിച്ച് പ്രാഥമിക ചർച്ച പോലും നടത്തിയിട്ടില്ല: മന്ത്രി

ഡ്രൈ ഡേ പിൻവലിക്കുന്നതിനെക്കുറിച്ച് മന്ത്രിതലത്തിൽ പ്രാഥമിക ചർച്ച പോലും നടത്തിയിട്ടില്ലെന്ന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി എംബി രാജേഷ് പറഞ്ഞു. നിയമസഭ മീഡിയ റൂമിൽ നടത്തിയ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഡ്രൈ ഡേ പിൻവലിക്കാൻ പോകുന്നു എന്ന തരത്തിൽ എല്ലാകാലത്തും വാർത്തകൾ വരാറുണ്ട്. കഴിഞ്ഞ വർഷം മദ്യനയം പ്രഖ്യാപിക്കാൻ വാർത്താസമ്മേളനം നടത്തുന്ന ദിവസം രാവിലെ വരെ ഡ്രൈ ഡേ പിൻവലിക്കാൻ പോകുന്നു എന്നതരത്തിൽ വാർത്ത വന്നിരുന്നു. ഈ സർക്കാർ ഡ്രൈ ഡേ പിൻവലിച്ചിട്ടില്ല, അതേക്കുറിച്ച് ചർച്ചയും നടത്തിയിട്ടില്ല.മാർച്ചിൽ മാത്രം 3.05 കോടിയുടെ ടേൺ ഓവർ ടാക്സ് തട്ടിപ്പ് പിടിച്ചു. കഴിഞ്ഞ ബജറ്റിൽ നികുതി കുടിശ്ശികയുള്ള ബാക്കി എല്ലാവർക്കും ഇളവോടെ ഒറ്റത്തവണ തീർപ്പാക്കാനുള്ള ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചപ്പോൾ ഈ സർക്കാർ പ്രഖ്യാപിച്ചത് ബാറുടമകൾക്ക് മാത്രം ഇളവോടെ ഒറ്റത്തവണ തീർപ്പാക്കൽ ഇല്ല എന്നാണ്. ഇത് അസാമാന്യ ധൈര്യമുള്ള ഒരു സർക്കാരിനേ കഴിയൂ.

കുടിശ്ശിക അടക്കാത്തവർക്ക് എതിരെ ജപ്തി നടപടികളും സ്വീകരിച്ചു. നികുതി അടക്കാത്ത 16 ബാറുകളുടെ ജി എസ് ടി രജിസ്ട്രേഷൻ റദ്ദാക്കി. പന്ത്രണ്ടര മണിക്കൂറായിരുന്ന ബാർ പ്രവർത്തന സമയം പന്ത്രണ്ടാക്കി കുറക്കുകയാണ് ഈ സർക്കാർ ചെയ്തത്. പച്ചക്കള്ളം കൊണ്ട് കെട്ടിപ്പടുത്തതാണ് ഇപ്പോഴത്തെ ബാർ കോഴ വിവാദമെന്നും മന്ത്രി പറഞ്ഞു. ടൂറിസവും മദ്യവ്യവസായവും തമ്മിൽ എക്കാലത്തും ബന്ധമുണ്ടെന്നും അബ്കാരി ചട്ടങ്ങളിൽ തന്നെ ഇത് പറയുന്നുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി. ബാർ ലൈസൻസ് അനുവദിക്കുന്നത് കേന്ദ്ര ടൂറിസം വകുപ്പ് നൽകുന്ന സ്റ്റാർ പദവിക്കനുസരിച്ചാണ്. ഈ സ്റ്റാർ പദവിയുടെയും എക്സൈസ് വകുപ്പ് നടത്തുന്ന പരിശോധനകളുടെയും അടിസ്ഥാനത്തിലാണ് ബാറുകൾക്ക് ലൈസൻസ് അനുവദിക്കുന്നത്. ടൂറിസം പ്രൊമോഷന് വേണ്ടിയാണ് ബാർ ലൈസൻസ് അനുവദിക്കുന്നത് എന്നാണ് വിദേശമദ്യ ചട്ടത്തിൽ പറയുന്നതെന്നും മന്ത്രി വ്യക്തമാക്കി

## മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുത്

കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കേരള തമിഴ്നാട് തീരങ്ങളിൽ ഇന്ന് (10 ജൂൺ) രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം (INCOIS) അറിയിച്ചു.

# മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിസ്ഥിതി ദിനാചരണം 11 ന്

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ലോക പരിസ്ഥിതി ദിനാചരണം ജൂൺ 11 ന് വൈകിട്ട് അഞ്ചിന് വെള്ളാർ ക്രാഫ്റ്റ് വില്ലേജിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സസ്ഥാന മലിനീകരണ നിയന്ത്രണ പുരസ്കാരങ്ങൾ അദ്ദേഹം വിതരണം ചെയ്യും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് അധ്യക്ഷത വഹിക്കും. ഓൺലൈൻ വെഹിക്കിൾ ട്രാക്കിങ് വെബ് പോർട്ടൽ പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. ബോർഡിന്റെ വാർത്താപത്രികയായ പരിസ്ഥിതി വാർത്തയുടെ പരിസ്ഥിതിദിനപ്പതിപ്പിന്റെ പ്രകാശനം മേയർ ആര്യ രാജേന്ദ്രൻ നിർവഹിക്കും. ബോർഡിന്റെ ഇന്റഗ്രേറ്റഡ് വെബ് പോർട്ടൽ ചീഫ് സെക്രട്ടറി ഡോ. വി. വേണു ഉദ്ഘാടനം ചെയ്യും. എം.എൽ.എമാരായ കടകംപള്ളി സുരേന്ദ്രൻ, വി.കെ പ്രശാന്ത്, എം. വിൻസന്റ് എന്നിവർ പങ്കെടുക്കും.

ബോർഡ് തയ്യാറാക്കിയ ജലവായു ഗുണനിലാവരഡയറക്ടറിയുടെ പ്രകാശനം തദ്ദേശ സ്വയംഭരണം, ആസൂത്രണം, സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ ജി.മുരളീധരൻ നിർവഹിക്കും. ലഘുപത്രികാപ്രകാശനം പരിസ്ഥിതി വിവരസാങ്കേതിക വകുപ്പ് സെക്രട്ടറി ഡോ. രത്തൻ.യു.കേൽക്കർ നിർവഹിക്കും.

ജലവായു മലിനീകരണ നിയന്ത്രണത്തിൽ കഴിഞ്ഞ വർഷം കൈവരിച്ച നേട്ടങ്ങൾ ഊർജ്ജ സംരംക്ഷണത്തിനും ജന സംരംക്ഷണത്തിനും നടപ്പിലാക്കിയ പദ്ധതികൾ, പരിസ്ഥിതി സംരക്ഷണത്തിൽ കൈവരിച്ച നേട്ടങ്ങൾ, സാമൂഹിക പ്രതിബദ്ധതയോടെ നടപ്പിലാക്കിയ പൊതുജനോപകാരപ്രദമായ പദ്ധതികൾ തുടങ്ങിയവയാണ് ഈ വർഷത്തെ മലിനീകരണ നിയന്ത്രണ അവാർഡ് നിർണയത്തിൽ പരിഗണിച്ച വിഷയങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മുൻസിപ്പൽ കോർപ്പറേഷൻ വിഭാഗത്തിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഒന്നാം സ്ഥാനം നേടി. മുൻസിപ്പാലിറ്റി വിഭാഗത്തിൽ ഒന്നാം സ്ഥാനം ആന്തൂർ മുനിസിപ്പാലിറ്റി,കണ്ണൂർ, രണ്ടാം സ്ഥാനം പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി, മലപ്പുറം, മൂന്നാം സ്ഥാനം മട്ടന്നൂർ മുനിസിപ്പാലിറ്റി, കണ്ണൂർ എന്നിങ്ങനെയും നേടി.

***മറ്റു പുരസ്കാരങ്ങൾ***

സർക്കാർ ആശുപത്രികൾ (250499 കിടക്കകൾ ഉള്ളവ)ഒന്നാം സ്ഥാനം ജനറൽ ഹോസ്പിറ്റൽ എറണാകുളം, രണ്ടാം സ്ഥാനം ഗവൺമെന്റ് വിമൺ & ചിൽഡ്രൻസ് ഹോസ്പിറ്റൽ തൈയ്ക്കാട്, തിരുവനന്തപുരം, മൂന്നാം സ്ഥാനം ജനറൽ ആശുപ്രതി പത്തനംതിട്ട. സ്വകാര്യ ആശുപത്രികൾ (250499 കിടക്കകൾ ഉള്ളവ)ഒന്നാംസ്ഥാനം ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ ലിമിറ്റഡ് ഐജി റോഡ്, കോഴിക്കോട്, രണ്ടാം സ്ഥാനം ഹോളി ഫാമിലി ഹോസ്പിറ്റൽ മുതലക്കോടം തൊടുപുഴ, മൂന്നാം സ്ഥാനം ലൈഫ് ലൈൻ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ അടൂർ പത്തനംതിട്ട.

സ്വകാര്യ ആശുപത്രികൾ (കിടക്കകൾ 500ഉം അതിനുമുകളിലും)ഒന്നാംസ്ഥാനം മാർസ്ലീവ മെഡിസിറ്റി പാല, കോട്ടയം, രണ്ടാം സ്ഥാനം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & റിസർച്ച് സെന്റർ എറണാകുളം, മൂന്നാം സ്ഥാനം കാരിത്താസ് ഹോസ്പിറ്റൽ, തെള്ളകം, കോട്ടയം.റീസൈക്ലിംഗ് യൂണിറ്റ് ഒന്നാം സ്ഥാനം ഹമാരാ പ്ലാസ്റ്റിക്സ്, കോടനാട്, എറണാകുളം, രണ്ടാം സ്ഥാനം ഓറിയോൺ പോളിമർ കോമ്പോസിറ്റ്, സിഡ്കോ ഇൻഡസ്ട്രിയൽ പാർക്ക്, മൂടാടി, കോഴിക്കോട്, മൂന്നാം സ്ഥാനം എപിജെ റിഫൈനറീസ് പ്രൈവറ്റ് ലിമിറ്റഡ്, കഞ്ചിക്കോട്, പാലക്കാട്.

## മലയാളി ചലച്ചിത്ര പ്രതിഭകൾക്ക് ആദരം

2024ലെ കാൻ ചലച്ചിത്രമേളയിൽ പിയർ ആഞ്ജിനോ എക്സലെൻസ് ഇൻ സിനിമാറ്റോഗ്രഫി ബഹുമതി ലഭിച്ച സന്തോഷ് ശിവനെയും ഗ്രാന്റ് പ്രി പുരസ്കാരം നേടിയ പായൽ കപാഡിയയുടെ ആൾ വി ഇമാജിൻ ആസ് ലൈറ്റ് ചിത്രത്തിലെ മലയാളി അഭിനേതാക്കളായ കനി കുസൃതി, ദിവ്യപ്രഭ, ഹൃദു ഹാറൂൺ, അസീസ് നെടുമങ്ങാട് എന്നിവരെയും ആദരിക്കുന്നു. അന്താരാഷ്ട്ര വേദിയിൽ മലയാളത്തിന് അഭിമാന നിമിഷങ്ങൾ സമ്മാനിച്ച ചലച്ചിത്രപ്രതിഭകളെ 13 ന് വൈകിട്ട് 3.30 ന് തിരുവനന്തപുരം മാസ്കോട്ട് ഹോട്ടലിലെ സിംഫണി ഹാളിൽ സാസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ആദരിക്കും.

## സീനിയർ റെസിഡന്റ് ഒഴിവ്

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കരാടിസ്ഥാനത്തിൽ സീനിയർ റെസിഡന്റ് തസ്തികയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ജൂൺ 29 നു വൈകിട്ട് മൂന്നു വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക്: www.rcctvm.gov.in.

## ആർസിസിയിൽ ലാബ് ടെക്നീഷ്യൻ

തിരുവനന്തപുരം ക്യാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ ലാബ് ടെക്നിഷ്യൻ നിയമനത്തിന് ജൂൺ 20നു വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക് : www.rcctvm.gov.in.



15-ാം കേരള നിയമസഭയിലെ അംഗങ്ങൾ ഗ്രൂപ്പ് ഫോട്ടോയ്ക്കു പോസ് ചെയ്യപ്പോൾ പി.ആർ.പി. 294 (10.06.2024)

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസ്; ഭർത്താവിനെതിരായ ആരോപണം തെറ്റെന്ന് യുവതി

കോഴിക്കോട്: പന്തീരാങ്കാവിൽ നവവധുവിനെ ഭർതൃഗൃഹത്തിൽ മർദിച്ച സംഭവത്തിൽ പുതിയ വെളിപ്പെടുത്തലുമായി യുവതി. ഭർത്താവിനെതിരായ ആരോപണം തെറ്റാണെന്ന് യുവതി പറഞ്ഞു. പോലീസിനോടും മാധ്യമങ്ങളോടും പറഞ്ഞതെല്ലാം കളവാണെന്നും തനിക്ക് കുറ്റബോധം ഉണ്ടെന്നും സമൂഹമാധ്യമത്തിൽ പങ്കുവച്ച വീഡിയോയിൽ യുവതി പറഞ്ഞു.

നേരത്തെ വിവാഹം രജിസ്റ്റർ ചെയ്ത കാര്യം ഭർത്താവായ രാഹുൽ പറഞ്ഞിരുന്നുവെന്നും യുവതി പഞ്ഞു. വീട്ടുകാരുടെ പ്രേരണയെ തുടർന്നാണ് ആരോപണം എന്നും യുവതി വ്യക്തമാക്കി.

നേരത്തെ യുവതിയുടെ പരാതിയിൽ പോലീസ് കേസെടുത്തിരുന്നു. പ്രതി രാഹുലിനെതിരെ വധശ്രമം, സ്ത്രീധന പീഡനം അടക്കം കുറ്റങ്ങൾ ചുമത്തിയാണ് പന്തീരാങ്കാവ് പോലീസ് കേസെടുത്തത്.

വിവാഹം കഴിഞ്ഞ് ഒരാഴ്ച തികയും മുന്പ് ക്രൂര മർദനത്തിനിരായായി എന്നായിരുന്നു പരാതി. രാഹുൽ മൊബൈൽ ചാർജർ കേബിൾ ഉപയോഗിച്ച് കഴുത്ത് ഞെരിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചെന്നും പരാതിയിൽ പറഞ്ഞിരുന്നു.

യുവതിയുടെ പരാതിയിന്മേലുള്ള അന്വേഷണത്തിൽ വീഴ്ച വരുത്തിയതിനു പന്തീരാങ്കാവ് എസ് എച്ച്ഒ എസ്. സരിനെ സസ്പെൻഡ് ചെയ്തിരുന്നു.

## മകളുടെ വാദങ്ങൾ തള്ളി പിതാവ്

കോഴിക്കോട്: പന്തീരാങ്കാവ് പീഡനക്കേസിൽ മകൾ മൊഴി മാറ്റിയ സംഭവത്തിൽ പ്രതികരണവുമായി പിതാവ്. മകളെ ഭീഷണിപ്പെടുത്തി പറയിച്ചതാണെന്ന് പിതാവ് പ്രതികരിച്ചു.

മകളെ ഞായറാഴ്ച മുതൽ ഫോണിൽ കിട്ടുന്നില്ല. തിങ്കളാഴ്ച ജോലിക്ക് പോയെന്ന് അറിയിച്ചെങ്കിലും അവിടെ എത്തിയിരുന്നില്ല. മകളെ രാഹുൽ അടിച്ചു എന്നത് വാസ്തവമാണ്. അതിനു തെളിവുകൾ ഉണ്ട്.

ബെൽറ്റ് കൊണ്ട് അടിച്ചത് ഡോക്ടർ സാക്ഷ്യപ്പെടുത്തിയതാണ്. ഫോറെൻസിക് തെളിവുകളും ഉണ്ടെന്നും അച്ഛൻ പറഞ്ഞു. മകളെ കാണാനില്ലെന്ന് പരാതി നൽകുമെന്ന് പിതാവ് പറഞ്ഞു.

തന്നെ ആരും തല്ലിയിട്ടില്ലെന്നും ആരോപണങ്ങളിൽ കുറ്റബോധമുണ്ടെന്നും പറഞ്ഞ യുവതി രാഹുലിനെതിരെ ഉന്നയിച്ച ആരോപണങ്ങളിൽ ക്ഷമാപണം നടത്തി.

# കള്ളക്കടലും ഉയർന്ന തിരമാലയും; കേരള, തമിഴ്നാട് തീരങ്ങളിൽ ജാഗ്രത

തിരുവനന്തപുരം: കേരള തീരത്തും തമിഴ്നാട് തീരത്തും ചൊവ്വാഴ്ച രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

ഈ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേകം ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം.

മത്സ്യബന്ധനയാനങ്ങൾ ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കുക. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കാം. മത്സ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു.

അതേസമയം, ബുധനാഴ്ച വരെ കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ബുധനാഴ്ച വരെ കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ടെന്നും മുന്നറിയിപ്പ് നല്കിയിട്ടുണ്ട്.

ഗൾഫ് ഓഫ് മന്നാർ, തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ട്.

തെക്കൻ തമിഴ്നാട് തീരം, കന്യാകുമാരി തീരം, തെക്കൻ ബംഗാൾ ഉൾക്കടൽ അതിനോട് ചേർന്ന മധ്യബംഗാൾ ഉൾക്കടൽ, വടക്കൻ ആൻഡമാൻ കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

# പ്രജ്വൽ രേവണ്ണയെ 14 ദിവസത്തേയ്ക്ക് റിമാൻഡ് ചെയ്തു

ബംഗളൂരു: പീഡനക്കേസിൽ അറസ്റ്റിലായ ജെഡിഎസ് നേതാവ് പ്രജ്വൽ രേവണ്ണയെ കോടതി റിമാൻഡ് ചെയ്തു. ജൂൺ 24 വരെയാണ് റിമാൻഡ് ചെയ്തത്.

കേസ് അന്വേഷിക്കുന്ന പ്രത്യേക അന്വേഷണ സംഘം കസ്റ്റഡി അപേക്ഷ നൽകാതിരുന്ന സാഹചര്യത്തിലാണ് പ്രജ്വൽ രേവണ്ണയെ കോടതി ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടത്. പ്രജ്വൽ രേവണ്ണയ്ക്കെതിരായ ആരോപണങ്ങളുടെ ഗൗരവവും എസ്ഐടി സമർപ്പിച്ച തെളിവുകളും കണക്കിലെടുത്താണ് കോടതി പ്രജ്വലിനെ റിമാൻഡ് ചെയ്തത്. പീഡനക്കേസിനെ തുടർന്ന് ജർമനിയിൽ ഒളിവിൽ കഴിഞ്ഞിരുന്ന പ്രജ്വലിനെ കഴിഞ്ഞ മാസം 31 ന് ബംഗളൂരുവിൽവച്ച് പോലീസ് അറസ്റ്റ് ചെയ്യുകയായിരുന്നു.

# മറാത്ത്വാഡയ്ക്കു മുകളിൽ ചക്രവാതച്ചുഴി; കേരളത്തിൽ ബുധനാഴ്ച വരെ അതിശക്തമായ മഴയ്ക്ക് സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ഇടിയോടു കൂടിയ വ്യാപകമഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

മറാത്ത്വാഡയ്ക്കു മുകളിലായി ഒരു ചക്രവാതച്ചുഴി നിലനില്ക്കുന്നുണ്ട്. ഇതിൻറെ ഭാഗമായി ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇന്നുമുതൽ ബുധനാഴ്ച വരെ ശക്തമായ മഴയ്ക്കും, ചൊവ്വ, ബുധൻ ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്കും സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിക്കുന്നു.

അടുത്ത മൂന്നു മണിക്കൂറിൽ കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലയിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും; കണ്ണൂർ, പാലക്കാട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മിതമായ മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

# കേരളത്തിലെ സാഹചര്യം ഗുരുതരം; ബിജെപിയുടെ വളർച്ച തിരിച്ചറിയാൻ പാർട്ടിക്കായില്ലെന്ന് പിബി യോഗം

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിലെ കനത്ത പരാജയത്തിന് പിന്നാലെ സംസ്ഥാനത്തെ പാർട്ടി നേതൃത്വത്തിനെതിരേ രൂക്ഷവിമർശനവുമായി സിപിഎം പോളിറ്റ് ബ്യൂറോ. കേരളത്തിലെ പരാജയത്തെക്കുറിച്ച് പഠിക്കണമെന്ന് നേതാക്കൾ ആവശ്യപ്പെട്ടു. ഡൽഹിയിൽ നടന്ന പിബി യോഗത്തിലാണ് കേരളത്തിലെ തിരിച്ചടി സംബന്ധിച്ച് വിലയിരുത്തലുണ്ടായത്.

പാർട്ടി ഗ്രാമങ്ങളിലടക്കം ബിജെപി വളർന്നുവെന്നാണ് പരക്കെ വിലയിരുത്തൽ. സിപിഎമ്മിന് മുൻതൂക്കമുള്ള പല ബൂത്തുകളിലും ബിജെപിയുടെ വോട്ടുവിഹിതം ഉയർന്നു. കേരളത്തിൽ ബിജെപിയുടെ വളർച്ച പാർട്ടിക്ക് തിരിച്ചറിയാൻ കഴിയാഞ്ഞത് എന്തുകൊണ്ടാണെന്ന് പിബി ചോദിച്ചു.

കേരളത്തിലെ സാഹചര്യം ഗുരുതരമാണ്. പാർട്ടിക്കെതിരായ ഒരു പൊതുവികാരം കേരളത്തിൽ നിലനിന്നിരുന്നു. ഇത് താഴെത്തട്ടിൽ മനസിലാകാത്തത് എന്തുകൊണ്ടെന്ന് പഠിക്കും. തുടർച്ചയായ രണ്ടാം ലോക്സഭയിലും തിരിച്ചടി എങ്ങനെ സംഭവിച്ചു എന്ന് പഠിക്കണമെന്നും പിബിയിൽ വിലയിരുത്തലുണ്ടായി.

എൽഡിഎഫിൻറെ കനത്ത പരാജയത്തിൽ മുന്നണിക്കുള്ളിൽ തന്നെ കടുത്ത വിമർശനമാണ് ഉയരുന്നത്. പരാജയത്തിൽ സിപിഎമ്മിനെയും മുഖ്യമന്ത്രി പിണറായി വിജയനെയും രൂക്ഷമായി വിമർശിച്ച് സിപിഐയുടെ വിവിധ ജില്ലാ കൗൺസിലുകൾ രംഗത്തെത്തിയിരുന്നു.

# 68കാരിയുടെ മാല കവർന്ന സംഭവം: പോലീസ് അന്വേഷണം ഊർജിതമാക്കി

തിരുവല്ലം: പരശുരാമ ക്ഷേത്രത്തിൽ ദർശനത്തിനെത്തിയ വയോധികയുടെ മാല കവർന്ന സംഭവത്തിൽ പോലീസ് അന്വേഷണം ഊർജിതമാക്കി.

ശനിയാഴ്ച രാവിലെയാണ് ഉള്ളൂർ പോങ്ങുംമ്മൂട് ഇലവുങ്കൽ ശ്യാം നിവാസിൽ ശ്യാമളയുടെ (68) കഴുത്തിൽ ധരിച്ചിരുന്ന സ്വർണ മാലയാണ് നഷ്ടമായത്. ബലിതർപ്പണത്തിനായി മകൾക്കൊപ്പം എത്തിയ ശ്യാമള ക്ഷേത്രത്തിൽ തൊഴുന്നതിനിടെയാണ് മാല നഷ്ടമായത്.

സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചതിൽ രണ്ട് സ്ത്രീകളാണ് കവർച്ചയ്ക്ക് പിന്നിലെന്ന് കണ്ടെത്തിയതായി തിരുവല്ലം പോലീസ് അറിയിച്ചു.

# ഷെയ്ഖ് ഹസീനയുമായി കൂടിക്കാഴ്ച നടത്തി സോണിയ ഗാന്ധി

ന്യൂഡൽഹി: ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുമായി കൂടിക്കാഴ്ച നടത്തി കോൺഗ്രസ് പാർലമെൻററി ചെയർപേഴ്സൺ സോണിയ ഗാന്ധി. സോണിയ ഗാന്ധിക്കൊപ്പം രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയുമുണ്ടായിരുന്നു. സോണിയയെ കാണണമെന്ന് ആവശ്യപ്പെട്ട് ഹസീന വിളിക്കുകയായിരുന്നു. മോദിയെ ഹസീന ബംഗ്ലാദേശിലേക്ക് ക്ഷണിച്ചിട്ടുണ്ട്.

# അഞ്ചുദിവസം മഴ തുടരും; ഇന്ന് ഒമ്പതു ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് മഴ മുന്നറിയിപ്പിൽ മാറ്റം. അടുത്ത അഞ്ചുദിവസം ശക്തമായ മഴ തുടരുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ പ്രവചനം.

ചൊവ്വാഴ്ചയും ബുധനാഴ്ചയും കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അതിശക്തമായ മഴയാണ് പ്രവചിക്കുന്നത്. ഈ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു.

24 മണിക്കൂറിൽ 115.6 ാാ മുതൽ 204.4 ാാ വരെ മഴ ലഭിക്കുമെന്നാണ് അതിശക്തമായ മഴ എന്നത് കൊണ്ട് കേന്ദ്ര കാലാവസ്ഥാവകുപ്പ് അർഥമാക്കുന്നത്.

അതേസമയം ഇന്ന് തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ചൊവ്വാഴ്ച ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും ബുധനാഴ്ച മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും കേന്ദ്ര കാലാവസ്ഥാവകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്ററിൽ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നത് കൊണ്ട് അർഥമാക്കുന്നത്. ഇടിമിന്നലോടു കൂടിയ മഴയാണ് പ്രതീക്ഷിക്കുന്നത്.

# തദ്ദേശ വാർഡ് വിഭജന ബിൽ പാസാക്കിയത് അഞ്ച് മിനിറ്റിൽ; നടപടിയെ ന്യായീകരിച്ച് മന്ത്രി രാജേഷ്

തിരുവനന്തപുരം: തദ്ദേശ വാർഡ് വിഭജന ബിൽ അഞ്ച് മിനിറ്റിൽ പാസാക്കി നിയമസഭ. സബ്ജക്ട് കമ്മിറ്റിക്ക് പോലും വിടാതെയാണ് ബിൽ പാസാക്കിയത്.

തദ്ദേശ വാർഡ് വിഭജനത്തിനുള്ള രണ്ട് ബില്ലുകളാണ് പ്രതിപക്ഷ ബഹളത്തെ തുടർന്ന് അതിവേഗത്തിൽ സഭയിൽ അവതരിപ്പിച്ച് പാസാക്കിയെടുത്തത്. ബാർ കോഴയിൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം നടുത്തളത്തിലിറങ്ങിയ സമയത്താണ് ബില്ല് പരിഗണനയ്ക്കെടുത്തത്. ഇതോടെ അതിവേഗത്തിൽ നടപടി പൂർത്തിയാക്കുകയായിരുന്നു.

ബിൽ അവതരിപ്പിച്ച ശേഷം സബ്ജക്ട് കമ്മിറ്റിക്ക് വിടുമെന്നായിരുന്നു അജണ്ട. എന്നാൽ ചട്ടം ഭേദഗതി ചെയ്തുകൊണ്ട് അതിവേഗം ബിൽ പാസാക്കി. പ്രതിപക്ഷത്തിൻറെ അതിശക്തമായ സമരം നടക്കുന്ന സമയങ്ങളിൽ ദൈനംദിന ചിലവുകൾ നടത്താനുള്ള ഫിനാൻസ് ബില്ലുകളാണ് സാധാരണ ഇത്തരത്തിൽ പാസാക്കുന്നത്.

പ്രതിപക്ഷത്തിൻറെ നിസഹകരണം കൊണ്ടാണ് ഇങ്ങനെ ചെയ്തതെന്ന് തദ്ദേശ മന്ത്രി എം.ബി.രാജേഷ് ന്യായീകരിച്ചു. 2020ൽ കോവിഡ് കാലത്ത് സമാനമായ ബിൽ സഭയിൽ അവതരിപ്പിച്ചിട്ട് പിൻവലിച്ചതാണ്.

ഇതിലെ വ്യവസ്ഥകൾ മാത്രമാണ് ഇന്ന് അവതരിപ്പിച്ച ബില്ലിൽ ഉണ്ടായിരുന്നത്. അതുകൊണ്ടാണ് വേഗത്തിൽ ബിൽ പാസാക്കാൻ തീരുമാനിച്ചതെന്നും മന്ത്രി പറഞ്ഞു.

# മഞ്ചാടിമൂട്ടിൽ മൊബൈൽ ടവർ നിർമാണം: വ്യാപക പ്രതിഷേധവുമായി നാട്ടുകാർ

പേരൂർക്കട: വട്ടിയൂർക്കാവ് മഞ്ചാടിമൂട്ടിൽ ഐഎഎസ് കോളനിയിൽ മൊബൈൽ ടവർ നിർമാണത്തിനെതിരേ പ്രതിഷേധവുമായി നാട്ടുകാരും വിവിധ രാഷ്ട്രീയ പാർട്ടികളും. ശക്തമായ എതിർപ്പിനെത്തുടർന്ന് ടവർ നിർമാണം മാറ്റിവച്ചു.എന്നാൽ വീണ്ടും നിർമാണം തുടങ്ങാൻ രഹസ്യമായി ധാരണ ഉണ്ടായിരിക്കെ നാട്ടുകാർ റോഡ് ഉപരോധം ഉൾപ്പെടെയുള്ള സമരമാർഗത്തിന് തയ്യാറെടുക്കുകയാണ്.കഴിഞ്ഞ ദിവസം നിർമാണ സാമഗ്രികൾ ഇറക്കി പണി പുരോഗമിക്കുന്നതിനിടെയാണ് സിപിഎം, ബിജെപി നേതൃത്വവും നാട്ടുകാരും പ്രതിഷേധവുമായി എത്തിയത്. ടവർ നിർമാണം തടസപ്പെടുത്തുകയും തുടർന്ന് പ്രവർത്തനങ്ങൾ കമ്പനി അധികൃതർ നിർത്തിവയ്ക്കുകയുമായിരുന്നു.

രാഷ്ട്രീയ പാർട്ടികളുടെ കൊടികൾ ടവർ നിർമിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന ഭൂമിയിൽ നാട്ടിയിട്ടുണ്ട്. പ്രതിഷേധസമരത്തിന് സിപിഎം നേതാവ് തൊഴുവൻകോട് ചന്ദ്രൻ, ബിജെപി നേതാവ് സുനിൽകുമാർ, സിപിഐ നേതാവ് തൊഴുവൻകോട് വിനു, കേരള കോൺഗ്രസ് എം. നേതാവ് അനിൽകുമാർ, കോൺഗ്രസ് ബ്ലോക്ക് സെക്രട്ടറി ബംഗ്ലാവുവിള വിജയൻ എന്നിവർ നേതൃത്വം നൽകി.

ടവർ നിർമാണമായിട്ട് മുന്നോട്ടു പോകുന്ന പക്ഷം വട്ടിയൂർക്കാവ് റോഡ് ഉപരോധിക്കാനുള്ള തീരുമാനത്തിലാണ് നാട്ടുകാർ.

# അഡ്വ. ഹാരിസ് ബീരാൻ മുസ്‌ലിം ലീഗ് രാജ്യസഭാ സ്ഥാനാർഥി

തിരുവനന്തപുരം: സുപ്രിംകോടതി അഭിഭാഷകനായ ഹാരിസ് ബീരാൻ മുസ്‌ലിം ലീഗിൻറെ രാജ്യസഭാ സ്ഥാനാർഥി. തിരുവനന്തപുരത്തു നടന്ന ലീഗ് നേതൃയോഗത്തിൽ സംസ്ഥാന പ്രസിഡൻറ് സാദിഖലി ശിഹാബ് തങ്ങളാണ് സ്ഥാനാർഥിയെ പ്രഖ്യാപിച്ചത്.

ഉച്ചകഴിഞ്ഞ് മൂന്നിന് അദ്ദേഹം നാമനിർദേശ പത്രിക സമർപ്പിക്കും. ലീഗ് ഉന്നതാധികാര സമിതി യോഗം ചേർന്നാണ് തീരുമാനമെടുത്തതെന്നും രാജ്യസഭാ സ്ഥാനാർഥിത്വവുമായി ബന്ധപ്പെട്ട് വിശദമായ ചർച്ച നടന്നുവെന്നും പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു.

അതേസമയം, പാർട്ടി തന്നെ ഏല്പിച്ച വിശ്വാസം നിറവേറ്റുമെന്ന് സ്ഥാനാർഥി പ്രഖ്യാപനത്തിനു പിന്നാലെ ഹാരിസ് ബീരാൻ പ്രതികരിച്ചു.

ഇതിൽ ജയിക്കുന്നതോടെ പി.വി. അബ്ദുൽവഹാബിന് പുറമെ ലീഗിന് ഒരു രാജ്യസഭാംഗം കൂടിയാകും. ലോക്സഭയിലെ മൂന്നുപേരടക്കം ലീഗ് എംപിമാരുടെ എണ്ണം അഞ്ചാകും.

# പട്ടികജാതി / വർഗക്കാർക്ക് സൗജന്യ കമ്പ്യൂട്ടർ പരിശീലനം

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം പട്ടികജാതി / വർഗക്കാരായ യുവതീ യുവാക്കളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഒരു വർഷം ദൈർഘ്യമുള്ള അംഗീകൃത സർട്ടിഫിക്കറ്റ് കോഴ്സായ "Computer Application and Business Accounting Associate" ജൂലായ് ഒന്നിന് ആരംഭിക്കും.

01.07.2024ന് 18 വയസിനും 30 വയസിനും ഇടയിൽ പ്രായമുള്ള 12ാം ക്ലാസോ അതിനു മുകളിലോ പാസായവരും വാർഷിക വരുമാനം മൂന്നു ലക്ഷത്തിൽ കവിയാത്തവരുമായവർക്ക് കോഴ്സിൽ ചേരാം. പ്രതി മാസം 1000 രൂപ സ്റ്റൈപ്പന്റും മറ്റു പഠനസാമഗ്രികളും സൗജന്യമായി നൽകും.

എറണാകുളത്ത് കലൂരിലെ റിസർവ്വ് ബാങ്കിനു സമീപമുള്ള MES കൾച്ചറൽ കോംപ്ലക്സിന്റെ 3ാം നിലയിൽ പ്രവർത്തിക്കുന്ന Ketlron Knowledge Cetnre-ൽ ആണ് കോഴ്സ് നടത്തുന്നത്.

ഈ കോഴ്സിൽ ചേരുവാൻ താൽപര്യമുള്ളവർ Ketlron Cetnreൽ ജൂൺ മാസം 25നകം 1) SSLC 2) Plus Two 3)വരുമാന സർട്ടിഫിക്കറ്റ് 4) ജാതി സർട്ടിഫിക്കറ്റ് 5) ആധാർ കാർഡ് 6) എംപ്ലോയ്മെന്റ് കാർഡ് 7) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ 8) ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പ് സഹിതം നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് : 0484 2971400 / 8590605259.

# വിവിധ തസ്തികകളിൽ അഭിമുഖം

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ ജൂൺ 13ന് വിവിധ തസ്തികകളിൽ അഭിമുഖം നടക്കും. അസിസ്റ്റന്റ് ബിസിനസ് മാനേജർ (സ്ത്രീകൾ/പുരുഷന്മാർ), ബിസിനസ് ഡെവലപ്മെന്റ് ഓഫീസർ (സ്ത്രീകൾ/പുരുഷന്മാർ), സ്റ്റുഡന്റ് കൗൺസിലർ (സ്ത്രീകൾ), ഡിജിറ്റൽ മാർക്കറ്റിങ് എക്സിക്യൂട്ടീവ് (സ്ത്രീകൾ/പുരുഷന്മാർ), എസ്ഇഒ എക്സിക്യൂട്ടീവ് (സ്ത്രീകൾ/പുരുഷന്മാർ) എന്നീ തസ്തികകളിലാണ് അഭിമുഖം. പ്രായപരിധി 35 വയസ്. പ്രവർത്തി പരിചയം ഉള്ളവർക്കും എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്ത് അഭിമുഖത്തിൽ പങ്കെടുക്കാമെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു.

അസിസ്റ്റന്റ് ബിസിനസ് മാനേജർ, ബിസിനസ് ഡെവലപ്മെന്റ് ഓഫീസർ, സ്റ്റുഡന്റ് കൗൺസിലർ എന്നീ തസ്തികകൾക്ക് ബിരുദവും ഡിജിറ്റൽ മാർക്കറ്റിങ് എക്സിക്യൂട്ടീവ് , എസ്ഇഒ എക്സിക്യൂട്ടീവ് എന്നീ തസ്തികകൾക്ക് ബിരുദം അല്ലെങ്കിൽ ഡിപ്ലോമയും ഒരു വർഷത്തെ പ്രവർത്തി പരിചയവുമാണ് യോഗ്യത. കൂടുതൽ വിവരങ്ങൾക്ക് 0471 2992609, 8921916220

# പേ വിഷബാധയ്ക്കെതിരെ അതീവ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ

പട്ടി, പൂച്ച, പെരുച്ചാഴി, കുരങ്ങൻ തുടങ്ങിയവയാൽ മുറിവോ മാന്തലോ ഏറ്റാൽ മുറിവ് സാരമുള്ളതല്ലെങ്കിൽ കൂടി അവഗണിക്കരുതെന്നും പേ വിഷബാധയ് ക്കെതിരെ ചികിത്സ തേടണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. കടിയോ മാന്തലോ ഏറ്റ ഭാഗം ഒഴുകുന്ന വെള്ളത്തിൽ സോപ്പുപയോഗിച്ച് നന്നായി തേച്ച് 20 മിനിറ്റ് നേരം കഴുകിയതിനുശേഷം ഉടനടി ചികിത്സ തേടണം. ഐ.ഡി.ആർ.വിക്കൊപ്പം മുറിവിന്റെ തീവ്രതയനുസരിച്ച്ഇമ്മ്യൂണോഗ്ലോബുലിൻ കുത്തിവയ്പ്പ് കൂടി എടുക്കണം. ഐ.ഡി.ആർ.വി.എല്ലാ സർക്കാർ ജനറൽ ജില്ലാ താലൂക്ക് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും തിരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സൗജന്യമായി ലഭിക്കും. ഇമ്മ്യൂണോഗ്ലോബുലിൻ തിരുവനന്തപുരം മെഡിക്കൽ കോളേജിലും തിരുവനന്തപുരം ജനറൽ ആശുപത്രിയിലും ചിറയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയിലും ലഭ്യമാണ്.

## ശ്രദ്ധിക്കേണ്ടവ

*വളർത്തുമൃഗങ്ങളെ പരിചരിക്കുന്നവരും പെറ്റ് ഷോപ്പുകൾ നടത്തുന്നവരും പേ വിഷബാധക്ക് എതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ് നിർബന്ധമായും എടുക്കണം.

*മൃഗങ്ങളെ പരിപാലിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ കൈകാലുകൾ സോപ്പുപയോഗിച്ച് കഴുകണം.

പട്ടിക്കുഞ്ഞുങ്ങളും പൂച്ചക്കുഞ്ഞുങ്ങളും പരിപാലിച്ചു കഴിഞ്ഞാലും ഉടൻതന്നെ കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയാക്കുക. അവ മാന്തിയാലും കടിച്ചാലും പേ വിഷബാധ സാദ്ധ്യ തയുണ്ട്

*മുറിവുകളിലോ കാലിലെ വിണ്ടുകീറലിലോ മൃഗങ്ങളുടെ ഉമിനീർ, മൂത്രം തുടങ്ങിയവ പറ്റാതിരിയ്ക്കാൻ ശ്രദ്ധിക്കണം.

*വളർത്തു മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകുക

*കുട്ടികളെ മൃഗങ്ങളുമായി അടുത്തിടപഴകാൻ അനുവദിക്കരുത്.

*അലഞ്ഞു തിരിഞ്ഞ് നടക്കുന്ന പട്ടി, പൂച്ച തുടങ്ങിയവയുമായി അടുത്ത് ഇടപഴകാതിരിക്കുക. ഇത്തരം മൃഗങ്ങൾ വീട്ടുവരാന്തയിൽ വിശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ ആ സ്ഥലം കഴുകി വൃത്തിയാക്കുക.

## പേ വിഷബാധയുള്ള മൃഗങ്ങളുടെ ലക്ഷണങ്ങൾ:

വെള്ളം കുടിയ്ക്കാൻ ബുദ്ധിമുട്ട്, വിഴുങ്ങാനുള്ള ബുദ്ധിമുട്ട്, അമിതമായ ഉമിനീർ, ആക്രമണ സ്വഭാവം, സാങ്കൽപ്പിക വസ്തുക്കളിൽ കടിക്കുക, പ്രതീക്ഷിക്കുന്നതിലും മെരുക്കമുള്ളതായി കാണപ്പെടുക, ചലിക്കാനുള്ള ബുദ്ധിമുട്ട് തുടങ്ങിയവ

വളർത്തുമൃഗങ്ങളോ വീട്ടിൽ സ്ഥിരമായി വരുന്ന പൂച്ച പോലുള്ള മൃഗങ്ങളോ ഏതെങ്കിലും തരത്തിലുള്ള അസ്വാഭാവിക സ്വഭാവം കാണിച്ചാൽ ജാഗ്രത പാലിക്കണം. ഇത്തരം ലക്ഷണങ്ങളോടെ അവ മരണപ്പെട്ടാൽ, അടുത്തുള്ള ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരേയും മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരേയും അറിയിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.